# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഏഴിക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി12-1382/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 06/01/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഏഴിക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി12-1382/21 തീയ്യതി: 06/01/2022

## എറണാകുളം ജില്ലയിലെ ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷാജിമോൻ .കെ.എ | ഡെപ്യൂട്ടി ഡയറക്ടർ | 23-09-2021 | 08-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-09-2020 | 08-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ.എൻ.വിജയകുമാർ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
2. ശ്രീ.സജീവ് എൻ.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3. കുമാരി മെസ്സി കെ.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
4. ശ്രീമതി ബെറ്റ്സി സി.എക്സ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഗീതാ പ്രതാപൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ലറേറ്റ് കമ്മറ്റി | പ്രസിഡന്റ് | 12-11-2020 | 30-11-2020 |
| ശ്രീ കെ.ഡി. വിൻസെന്റ് | പ്രസിഡന്റ് | 01-12-2020 | 31-03-2021 |
| ശ്രീമതി ബീന ജോസഫ് | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സിന്ധു.സി.ടി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി മേഘന.ടി.കെ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ശ്രീമതി സരിത മോഹനൻ | കൃഷി ഓഫിസർ | 01-04-2020 | 31-03-2021 |
| ഡോ പ്രീതി | മെഡിക്കൽ ഓഫിസർ, സി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ നിഷ | മെഡിക്കൽ ഓഫിസർ,ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ കെ.എ സാബു | വെറ്റിനറി സർജ്ജൻ | 01-04-2020 | 01-07-2020 |
| ഡോ സ്മിത | വെറ്റിനറി സർജ്ജൻ | 02-07-2020 | 22-02-2021 |
| ഡോ സലിം.കെ.മാണിക്ഫാൻ | വെറ്റിനറി സർജ്ജൻ | 23-02-2021 | 11-03-2021 |
| ഡോ ഷൈജു | വെറ്റിനറി സർജ്ജൻ | 12-03-2021 | 31-03-2021 |
| ഡോ ധന്യ | മെഡിക്കൽ ഓഫിസർ,ഹൊമിയോ | 01-04-2020 | 31-03-2021 |
| ശ്രീമതി.കെ.ജി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 30-11-2020 |
| രാജി.കെ.ജി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-12-2020 | 31-03-2021 |
| ശ്രീമകി ലെനറ്റ് ഫെർണാണ്ടസ് | ഹെഡ് മിസ്ട്രസ്,ഗവ എൽ..പി. സ്കൂൾ | 01-04-2020 | 31-03-2021 |
| കുമാരി അമ്മിണികുട്ടി | വില്ലേജ് എക്സ്റ്റൻഷൻ ഓഫിസർ നന്ദ്യാട്ടുകുന്നം | 01-04-2020 | 31-12-2020 |
| ശ്രീമതി ലിജി | വില്ലേജ് എക്സ്റ്റൻഷൻ ഓഫിസർ നന്ദ്യാട്ടുകുന്നം | 01-01-2021 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീ സാബിക്ക് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഏഴിക്കര | 01-04-2020 | 16-07-2020 |
| ശ്രീമതി ലിജി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഏഴിക്കര | 17-07-2020 | 31-03-2021 |
| ശ്രീമതി സബീന | സബ് ഇൻസ്പെക്ടർ,ഫിഷറീസ് | 01-04-2020 | 05-11-2020 |
| ശ്രീമതി സീന അഗസ്റ്റിൻ | സബ് ഇൻസ്പെക്ടർ,ഫിഷറീസ് | 06-11-2020 | 31-03-2021 |
| ശ്രീമതി രമ്യ.പി | ഡയറി എക്സ്ററൻഷൻ ഓഫീസർ | 01-04-2020 | 30-06-2020 |
| ശ്രീമതി രശ്മി രാമചന്ദ്രൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-07-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: N.M.Sajeev (Asst. Audit Officer, On 06-10-2021)<br>Last Updated By: Bindu L (Computer Assistant, On 23-11-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: N.M.Sajeev (Asst. Audit Officer, On 03-10-2021)<br>Last Updated By: Bindu L (Computer Assistant, On 23-11-2021) | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ<br>Written By: N.M.Sajeev (Asst. Audit Officer, On 11-10-2021)<br>Last Updated By: Bindu L (Computer Assistant, On 03-01-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: N.M.Sajeev (Asst. Audit Officer, On 03-10-2021)<br>Last Updated By: Bindu L (Computer Assistant, On 23-11-2021) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: N.Vijayakumar (Audit Officer (HG), On 03-10-2021)<br>Last Updated By: Bindu L (Computer Assistant, On 23-11-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: N.Vijayakumar (Audit Officer (HG), On 03-10-2021)<br>Last Updated By: Bindu L (Computer Assistant, On 23-11-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: N.Vijayakumar (Audit Officer (HG), On 03-10-2021)<br>Last Updated By: Bindu L (Computer Assistant, On 23-11-2021) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Mercy KP (Auditor, On 07-10-2021)<br>Last Updated By: Bindu L (Computer Assistant, On 23-11-2021) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: N.Vijayakumar (Audit Officer (HG), On 03-10-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 03-10-2021) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: N.Vijayakumar (Audit Officer (HG), On 03-10-2021)<br>Last Updated By: Bindu L (Computer Assistant, On 23-11-2021) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: N.Vijayakumar (Audit Officer (HG), On 03-10-2021)<br>Last Updated By: Bindu L (Computer Assistant, On 23-11-2021) | 1-10 |
| 12 | ദുരിതാശ്വാസ നിധി - അക്കൗണ്ട് ക്ലോസ്സ് ചെയ്യുത് സംബന്ധിച്ച്<br>Written By: N.Vijayakumar (Audit Officer (HG), On 08-10-2021)<br>Last Updated By: Bindu L (Computer Assistant, On 23-11-2021) | 1-11 |
| 13 | ഗ്രാമ സഭ<br>Written By: N.Vijayakumar (Audit Officer (HG), On 07-10-2021)<br>Last Updated By: Bindu L (Computer Assistant, On 23-11-2021) | 1-12 |
| 14 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Betsy C.X (Auditor, On 08-10-2021)<br>Last Updated By: Bindu L (Computer Assistant, On 23-11-2021) | 1-13 |
| 15 | തൊഴിൽ നികുതി അപാകതകൾ<br>Written By: Betsy C.X (Auditor, On 08-10-2021)<br>Last Updated By: Bindu L (Computer Assistant, On 23-11-2021) | 1-14 |
| 16 | ലൈസൻസ് - അപാകതകൾ<br>Written By: Betsy C.X (Auditor, On 08-10-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 11-10-2021) | 1-15 |
| 17 | ഇ ടെണ്ടർ - അസി.എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്ന ടെണ്ടർ ഫീസ് പഞ്ചായത്ത് തനത് ഫണ്ടിലേയ്ക്ക് | 1-16 |

| | | |
|---|---|---|
| | മാറ്റിയിട്ടില്ല<br>Written By: N.Vijayakumar (Audit Officer (HG), On 08-10-2021)<br>Last Updated By: Bindu L (Computer Assistant, On 23-11-2021) | |
| 18 | കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്‌സ് വെൽഫെയർ ഫണ്ട് - കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല<br>Written By: N.Vijayakumar (Audit Officer (HG), On 11-10-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 11-10-2021) | 1-17 |
| 19 | തനത് ഫണ്ടിന് ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ - സർക്കാർ നിർദ്ദേശം പാലിക്കപ്പെടുന്നില്ല.<br>Written By: N.Vijayakumar (Audit Officer (HG), On 11-10-2021)<br>Last Updated By: Bindu L (Computer Assistant, On 23-11-2021) | 1-18 |
| 20 | കോവിഡ് പ്രതിരോധം-അവലോകനം<br>Written By: N.M.Sajeev (Asst. Audit Officer, On 08-10-2021)<br>Last Updated By: Bindu L (Computer Assistant, On 23-11-2021) | 1-19 |
| 21 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി - മെറ്റീരിയൽസ് വാങ്ങൽ - നിയമാനുസൃതം ഈടാക്കേണ്ട ജി.എസ്.ടി, ആദായ നികുതി എന്നിവ ഈടാക്കിയില്ല.<br>Written By: N.Vijayakumar (Audit Officer (HG), On 08-10-2021)<br>Last Updated By: Bindu L (Computer Assistant, On 23-11-2021) | 1-20 |
| 22 | എം.ജി.എൻ.ആർ.ഇ.ജി.എസ് - ലഭ്യമാക്കിയ സാധനങ്ങളുടെ അളവിൽ നിന്നും നിയമാനുസൃത കുറവുകൾ വരുത്താതെ കരാറുകാരന് തുക നൽകി.<br>Written By: N.Vijayakumar (Audit Officer (HG), On 11-10-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 11-10-2021) | 1-21 |
| 23 | ടെണ്ടർ ഡിഡക്ഷൻ കുറവ് ചെയ്യാതെ തുക അനുവദിച്ചത് മൂലം കരാറുകാരന് അധിക തുക നൽകി<br>Written By: N.Vijayakumar (Audit Officer (HG), On 11-10-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 11-10-2021) | 1-22 |
| 24 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - നിർവ്വഹണത്തിലെ അപാകതൾ<br>Written By: N.Vijayakumar (Audit Officer (HG), On 11-10-2021)<br>Last Updated By: Bindu L (Computer Assistant, On 31-12-2021) | 1-23 |
| 25 | കയർ ഭൂവസ്ത്രം വിരിക്കൽ - വാങ്ങിയ കയർ ഭൂവസ്ത്രം ഉപയോഗിച്ച് ഭൂവസ്ത്രം വിരിക്കാവുന്ന പ്രതല വിസ്തൃതിയിൽ അധികം പ്രവൃത്തി ചെയ്തതായി രേഖപ്പെടുത്തി അധിക വേതനം നൽകി.<br>Written By: N.Vijayakumar (Audit Officer (HG), On 11-10-2021)<br>Last Updated By: Bindu L (Computer Assistant, On 23-11-2021) | 1-24 |
| 26 | കുടിവെള്ളക്കരം 4,48,42,155/-രൂപ കുടിശ്ശികയായി നിലനിൽക്കുന്നു.<br>Written By: N.M.Sajeev (Asst. Audit Officer, On 08-10-2021)<br>Last Updated By: Bindu L (Computer Assistant, On 31-12-2021) | 1-25 |
| 27 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: N.M.Sajeev (Asst. Audit Officer, On 08-10-2021)<br>Last Updated By: Bindu L (Computer Assistant, On 23-11-2021) | 1-26 |
| 28 | കൃഷി ഓഫീസർ ചെലവ് രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല<br>Written By: Mercy KP (Auditor, On 12-10-2021)<br>Last Updated By: Bindu L (Computer Assistant, On 23-11-2021) | 1-27 |
| 29 | സേവന പെൻഷൻ വിതരണം - അപാകതകൾ<br>Written By: Mercy KP (Auditor, On 07-10-2021)<br>Last Updated By: Bindu L (Computer Assistant, On 31-12-2021) | 1-28 |

| | | |
|---|---|---|
| 30 | മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:-<br>Written By: N.Vijayakumar (Audit Officer (HG), On 08-10-2021)<br>Last Updated By: Bindu L (Computer Assistant, On 23-11-2021) | 1-29 |
| 31 | അനുപൂരക പോഷകാഹാര പദ്ധതി - ജി.എസ്.ടി.ക്രമവിരുദ്ധമായി നൽകിയത് സംബന്ധിച്ച്<br>Written By: Mercy KP (Auditor, On 07-10-2021)<br>Last Updated By: Bindu L (Computer Assistant, On 23-11-2021) | 1-30 |
| 32 | ഹെഡ്മാസ്റ്റർ ഗവ.എൽ. പി. എസ്. നിർവഹണം നടത്തിയ പ്രോജക്ടുകൾ<br>Written By: Mercy KP (Auditor, On 07-10-2021)<br>Last Updated By: Bindu L (Computer Assistant, On 31-12-2021) | 1-31 |
| 33 | മെഡിക്കൽ ഓഫീസർ, ഹോമിയോ, നടപ്പിലാക്കിയ പ്രോജക്ട് - മരുന്ന് ലഭിച്ചിട്ടില്ല.<br>Written By: Betsy C.X (Auditor, On 08-10-2021)<br>Last Updated By: Bindu L (Computer Assistant, On 31-12-2021) | 1-32 |
| 34 | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി./സി.എച്ച്.സി.,സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല.<br>Written By: Betsy C.X (Auditor, On 08-10-2021)<br>Last Updated By: Bindu L (Computer Assistant, On 23-11-2021) | 1-33 |
| 35 | മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾ -ചെലവ് വിവരങ്ങൾ ലഭ്യമാക്കിയില്ല.<br>Written By: Mercy KP (Auditor, On 07-10-2021)<br>Last Updated By: Bindu L (Computer Assistant, On 23-11-2021) | 1-34 |
| 36 | വീട് വാസയോഗ്യമാക്കൽ- നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല<br>Written By: N.M.Sajeev (Asst. Audit Officer, On 08-10-2021)<br>Last Updated By: Bindu L (Computer Assistant, On 23-11-2021) | 1-35 |
| 37 | മെഡിക്കൽ ഓഫീസർ, ആയുർവേദം നടപ്പിലാക്കിയ പ്രോജക്ട് - മരുന്ന് ലഭിച്ചിട്ടില്ല.<br>Written By: Betsy C.X (Auditor, On 08-10-2021)<br>Last Updated By: Bindu L (Computer Assistant, On 23-11-2021) | 1-36 |
| 38 | ഓഡിറ്റ് ഇംപാക്ട്<br>Written By: N.Vijayakumar (Audit Officer (HG), On 11-10-2021)<br>Last Updated By: Bindu L (Computer Assistant, On 23-11-2021) | 1-37 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ടെണ്ടർ ഡിഡക്ഷൻ കുറവ് ചെയ്യാതെ തുക അനുവദിച്ചത് മൂലം കരാറുകാരന് അധിക തുക നൽകി<br>Written By: N.Vijayakumar (Audit Officer (HG), On 11-10-2021)<br>Last Updated By: Bindu L (Computer Assistant, On 31-12-2021) | 3-1 |
| 2 | എം.ജി.എൻ.ആർ.ഇ.ജി.എസ് - ലഭ്യമാക്കിയ സാധനങ്ങളുടെ അളവിൽ നിന്നും നിയമാനുസൃത കുറവുകൾ വരുത്താതെ കരാറുകാരന് തുക നൽകി.<br>Written By: N.Vijayakumar (Audit Officer (HG), On 11-10-2021)<br>Last Updated By: Bindu L (Computer Assistant, On 31-12-2021) | 3-2 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം<br>Written By: N.Vijayakumar (Audit Officer (HG), On 03-10-2021)<br>Last Updated By: Bindu L (Computer Assistant, On 23-11-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: N.Vijayakumar (Audit Officer (HG), On 03-10-2021)<br>Last Updated By: Bindu L (Computer Assistant, On 23-11-2021) | 4-2 |

| | | |
|---|---|---|
| 3 | ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: N.Vijayakumar (Audit Officer (HG), On 03-10-2021)<br>Last Updated By: Bindu L (Computer Assistant, On 31-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: N.Vijayakumar (Audit Officer (HG), On 03-10-2021)<br>Last Updated By: Bindu L (Computer Assistant, On 23-11-2021) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: N.Vijayakumar (Audit Officer (HG), On 03-10-2021)<br>Last Updated By: Bindu L (Computer Assistant, On 23-11-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: N.Vijayakumar (Audit Officer (HG), On 03-10-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 03-10-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: N.Vijayakumar (Audit Officer (HG), On 03-10-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 03-10-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: N.Vijayakumar (Audit Officer (HG), On 03-10-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 03-10-2021) | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം<br>Written By: N.Vijayakumar (Audit Officer (HG), On 03-10-2021)<br>Last Updated By: N.Vijayakumar (Audit Officer (HG), On 03-10-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: N.Vijayakumar (Audit Officer (HG), On 12-10-2021)<br>Last Updated By: Bindu L (Computer Assistant, On 31-12-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: N.Vijayakumar (Audit Officer (HG), On 12-10-2021)<br>Last Updated By: Bindu L (Computer Assistant, On 23-11-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 23.03.2020 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1)ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 16-02-2021 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

ബജറ്റ് പ്രകാരമുള്ള വരവ് -ചെലവും, യഥാർത്ഥ വരവ്- ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | 2020-2021 പുതുക്കിയ ബജറ്റ് പ്രകാരം | 2020-2021 വാർഷിക ധനകാര്യപത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| പ്രാരംഭ ബാക്കി | 3,52,61,919 | 74,61,557.70 | (+)2,78,00,361.3 |
| വരവ് | 19,65,36,788 | 6,14,65,887 | (-)13,50,70,901 |
| ആകെ | 23,17,98,707 | 6,89,27,444.70 | (-)16,28,71,262.30 |
| ചെലവ് | 23,01,52,371 | 5,97,20,853 | (-)17,04,31,518 |
| നീക്കിയിരുപ്പ് | 16,46,336 | 92,06,591.70 | (+)75,60,255.70 |

ബജറ്റ് പ്രകാരമുള്ള വരവും, വാർഷിക ധനകാര്യപത്രികയിലെ വരവും തമ്മിൽ 13.50 കോടി രൂപയുടെയും, ബജറ്റ് പ്രകാരമുള്ള ചെലവും, വാർഷിക ധനകാര്യപത്രികയിലെ ചെലവും തമ്മിൽ 17.04 കോടി രൂപയുടെയും വ്യത്യാസമുണ്ട്. ഇതുപ്രകാരം ബജറ്റിൽ വിഭാവനം ചെയ്ത വരവിനേക്കാൾ 68% -ൽ കുറവാണ് വാർഷിക ധനകാര്യപത്രികയിൽ യഥാർത്ഥത്തിൽ വരവായി രേഖപ്പെടുത്തപ്പെട്ടിരിക്കുന്നത്. ആനുപാതികമായി ബജറ്റിൽ വിഭാവനം ചെയ്ത ചെലവിന്റെയും 25.94% ൽ താഴെ മാത്രമാണ് യഥാർത്ഥത്തിൽ തൻവർഷം ചെലവായിട്ടുള്ളത്. ഉദാഹരണത്തിനായി വിവിധ നികുതി- നികുതിയേതര വരവുകളിൽ ബജറ്റും, യഥാർത്ഥ വരവും തമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

| | 2020-2021 പുതുക്കിയ ബജറ്റ് പ്രകാരം | 2020-2021 വാർഷിക ധനകാര്യപത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| തൊഴിൽ നികുതി | 8,00,000 | 4,88,330 | 3,11,670 |
| വസ്തു നികുതി | 20,00,000 | 15,74,723 | 4,25,277 |
| ഡി & ഒ ലൈസൻസ് | 2,00,500 | 32,450 | 1,68,050 |
| വാടക | 75000 | - | 75,000 |

കൂടാതെ ജനറൽ പർപ്പസ് ഗ്രാന്റ് 1,29,80,000/-രൂപ വകയിരുത്തിയെങ്കിലും 92,93,718/-രൂപ മാത്രമാണ് വരവ് വന്നിട്ടുള്ളത്. മൂലധന വായ്പ 45,00,000/-രൂപ വകയിരുത്തിയെങ്കിലും തൻവർഷം വരവില്ല. ബജറ്റും, യഥാർത്ഥ വരവും ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം വന്നിട്ടുണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ പ്രതീക്ഷിത വരവ് യുക്തിസഹവും പ്രായോഗികവുമാകേണ്ടതാണ് .

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2020-21 | 31.07.2021 | 16.06.2021 |

### 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 20-21 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. ഇ-ടെണ്ടർ ഫോറ ഇനത്തിൽ ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ്, അസി.എഞ്ചിനിയറുടെ അക്കൗണ്ട് എന്നിവിടങ്ങളിൽ നിന്നും ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക ഡിമാന്റ് ചെയ്ത് ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിലെ I-5(b) ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയോ, ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളിൽ അദർ റെസീവബിൾസ് (കറന്റ്) എന്ന ഹെഡ്ഡിൽ ആസ്തിയായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2. വിവാഹ ധനസഹായമിനത്തിൽ രണ്ട് പേർക്കായി 60000/- രൂപ തൻവർഷം നൽകിയിട്ടുണ്ട്. എന്നാൽ ടി തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

3. സ.ഉ.(എം.എസ്.)152/2011/തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല.

4. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 ചട്ടം 62(2)ഇ, എഫ് പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കുകയോ അക്കൗണ്ട് മാന്വൽ പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ (Key Ratios) ഉൾകൊള്ളിക്കുകയോ ചെയ്തിട്ടില്ല.

5. വാർഷിക ധനകാര്യപത്രിക പ്രകാരം വെള്ളക്കരകുടിശ്ശിക 3,65,52,860/-രൂപ ബാദ്ധ്യത രേഖപ്പെടുത്തിയിരിക്കുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ 31.03.2021 വരെ കുടിശ്ശിക 4,48,42,155/-രൂപയാണ്.ആയത് ധനകാര്യപത്രികയിൽ ബാദ്ധ്യതയായി രേഖപ്പെടുത്തേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7461557.70 |
| ഓഡിറ്റ് വർഷത്തെ വരവ് | 61465887 |
| ആകെ | 68927444.70 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 59720853 |
| നീക്കിയിരിപ്പ് | 9206591.70 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 105115 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2058765 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 12356820 | 12356820 | 11702128 | 654692 |
| വികസന ഫണ്ട്-എസ്.സി.പി | | 10405992 | 10405992 | 8867377 | 1538525 |
| വികസന ഫണ്ട്-ടി.എസ്.പി | | 105000 | 105000 | 0 | 105000 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | | 11860536 | 11860536 | 7575335 | 4285201 |
| മെയിന്റനൻസ് ഫണ്ട് റോഡ് | | 6491100 | 6491100 | 6491100 | -- |
| മെയിന്റനൻസ് ഫണ്ട് നോൺ-റോഡ് | | 3456681 | 3456681 | 3412271 | 44410 |
| സാക്ഷരത | 1221 | - | 1221 | - | 1221 |
| സാനിട്ടേഷൻ | 399171 | 1783904 | 2183075 | 595219 | 1587856 |
| അംഗൻ വാടി പൂരക പോഷകാഹാരം | 703230 | 677015 | 1380245 | 1000000 | 380245 |
| എസ് എസ് എ | 4897 | 152 | 5049 | -- | 5049 |
| തൊഴിലുറപ്പ് പദ്ധതി | 28142 | 32737046 | 32765188 | 32764017 | 1171 |
| ശുചിത്വമിഷൻ | 1266682 | - | 1266682 | 89986 | 1176696 |
| കേരളോത്സവം | 787 | - | 787 | - | 787 |
| ജനകീയ ഭവനം | 108769 | 3378 | 112147 | - | 112147 |
| ബഡ്സ് സ്കൂൾ | 26322 | 2711069 | 2737391 | 2071654 | 665737 |

കുറിപ്പ് - ജി.ഒ പദ്ധതികൾക്കായി വികസന ഫണ്ട് (ജനറൽ) വിഭാഗത്തിൽ നിന്നും സോഴ്സ് ഡിഡക്ഷനായി 16,37,180/- രൂപയും, എസ്.സി.പി വിഭാഗത്തിൽ നിന്നും 1,17,098/- രൂപയും ചെലവുണ്ട്. ടി തുകയുൾപ്പെടെയുള്ള ചെലവാണ് ഇൻകം &എക്സ്പെൻഡിച്ചർ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ചത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 190 | 105343941 | 152 | 46938961 | 2 | 150 | 38 | 78.94 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികൾ (18 വയസ്സിനു മുകളിൽ) ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണിത്. ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ഫണ്ട് വിനിയോഗം - സംക്ഷിപ്തം

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 28142 | 1037926 | 1066068 | 1064897 | 1171 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | -- | 31699120 | 31699120 | 31699120 | -- |
| ആകെ | 28142 | 32737046 | 32765188 | 32764017 | 1171 |

2. രജിസ് ട്രേഷൻ, തൊഴിൽ ദിനങ്ങൾ എന്നിവയുടെ വിവരം

| | |
|---|---|
| തൻവർഷം രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 273 |
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 2623 |
| തൊഴിലിനപേക്ഷ നൽകിയ കുടുംബങ്ങളുടെ എണ്ണം | 1220 |
| തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1220 |
| ആകെ പ്രവൃത്തി ദിനങ്ങൾ | 89889 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ചവരുടെ എണ്ണം | 656 |

3. ഏറ്റെടുത്ത പ്രവൃത്തികളുടെ വിവരം

| | |
|---|---|
| ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | 602 |
| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 463 |
| തൻവർഷം പൂർത്തിയാക്കിയത് | 432 |
| സ്പിൽ ഓവറായത് | 31 |
| ഉപേക്ഷിച്ച പദ്ധതികളുടെ എണ്ണം | 139 |

4. പ്രവൃത്തികളുടെ ഇനം തിരിച്ചുള്ള വിവരം

| ക്രമ നം. | ഇന വിവരം | പ്രവൃത്തികളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|
| 1 | ഭൂവികസന പ്രവർത്തനങ്ങൾ | 235 | 23652602 |
| 2 | വെള്ളപ്പൊക്ക നിയന്ത്രണം | 5 | 1399561 |
| 3 | ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 74 | 3499555 |
| 4 | റോഡ് നിർമ്മാണം | 8 | 1334225 |
| 5 | വ്യക്തിഗത ആസ്തികൾ | 136 | 1609224 |
| 6 | വനവത്കരണം, നേഴ്സറി | 4 | 166422 |
| 7 | മിനി എം.സി.എഫ് | 1 | 37531 |
| | ആകെ | 432 | 31699120 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | -- | -- |
| കർഷകതൊഴിലാളി പെൻഷൻ | 5522100 | 371 |
| വിധവാപെൻഷൻ | 10389400 | 696 |
| വാർദ്ധക്യകാലപെൻഷൻ | 20050500 | 1587 |
| വികലാംഗപെൻഷൻ | 3456100 | 226 |
| വിവാഹ ധനസഹായം | 60000 | 2 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1116800 | 72 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.09.2021ന്

സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2997/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നതിന് ആവശ്യമായ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ടെങ്കിലും ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുവാൻ നിലവിൽ സാധിക്കുന്നില്ല.

2. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. വെള്ളക്കരമിനത്തിൽ ഭീമമായ തുക വാട്ടർ അതോറിറ്റിയിൽ ഒടുക്കുവാൻ കുടിശ്ശികയായി കാണുന്നു. ടാപ്പുകളുടെ എണ്ണം കൃത്യമായി കണക്കാക്കുവാനും, കുടിശ്ശിക തുകയുടെ കൃത്യത പരിശോധിക്കുവാനും സമയോചിതമായ നടപടികൾ കൈക്കൊണ്ടിട്ടില്ല.

4.ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വർഷംതോറും ഭീമമായ തുകകൾ വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്യുന്നുണ്ടെങ്കിലും പദ്ധതികളുടെ യഥാസമയത്തുള്ള പൂർത്തീകരണം ഉറപ്പാക്കപ്പെടുന്നില്ല.

5.സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തുന്നില്ല. .

6.സാമൂഹ്യ ക്ഷേമ പെൻഷനുകളുടെ വിതരണവുമായി ബന്ധപ്പെട്ട് കൃത്യമായ മസ്റ്ററിംഗ് യഥാസമയം ചെയ്യപ്പെടാത്തതുമൂലം പല ഗുണഭോക്താക്കൾക്കും മരണശേഷവും അവരുടെ അക്കൗണ്ടിലേയ്ക്ക് പെൻഷൻ തുക നൽകിയിട്ടുണ്ട്.

7.പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ചുള്ള മോണിറ്ററിംഗ് ഫലപ്രദമായ രീതിയിൽ നടത്തപ്പെടുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.12.2019 | 11/2019 | 3.01.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.10.2016 | 2011-12 മുതൽ 2015-16 വരെ | 22.04.2017 |

## 1-11 ദുരിതാശ്വാസ നിധി - അക്കൗണ്ട് ക്ലോസ്സ് ചെയ്തത് സംബന്ധിച്ച്

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം പ്രകൃതി ദുരന്തം, രോഗാദി ദുരിതങ്ങൾ എന്നിവ മൂലം പ്രയാസമനുഭവിക്കുന്നവർക്ക് ആവശ്യഘട്ടങ്ങളിൽ കൈത്താങ്ങാകുവാൻ പഞ്ചായത്ത് ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണ്. ഏഴിക്കര ഗ്രാമ പഞ്ചായത്തിൽ കാനറ ബാങ്കിന്റെ ഏഴിക്കര ശാഖയിൽ ദുരിതാശ്വാസ നിധിയ്ക്കായി അക്കൗണ്ട് തുടങ്ങിയിട്ടുണ്ടെങ്കിലും വർഷങ്ങളായി ടി അക്കൗണ്ടിൽ വരവ് ചെലവുകളില്ല. നിലവിൽ പലിശ ഇനത്തിലുള്ള വരവല്ലാതെ മറ്റ് വരവുകളില്ല. ഹാജരാക്കിയ പാസ്സ് ബുക്ക് പ്രകാരം 31.10.2019 ൽ ടി അക്കൗണ്ടിൽ 4219/- രൂപ നീക്കിയിരുപ്പുള്ളതായി കാണുന്നു. എന്നാൽ 2019-20 വാർഷിക കണക്ക് RP 40(b) പ്രകാരം ടി അക്കൗണ്ടിൽ നീക്കിയിരുപ്പില്ല. പ്രസ്തുത അക്കൗണ്ട് ക്ലോസ്സ് ചെയ്ത് തുക 8.7.20 ൽ സാനിട്ടേഷൻ അക്കൗണ്ടിലേയ്ക്ക് മാറ്റിയിട്ടുള്ളതായി കാണുന്നു. ടി വിഷയത്തിൽ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1/24.9.21) സെക്രട്ടറി മറുപടി ഹാജരാക്കിയിട്ടില്ല, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ധാരാളം ജനങ്ങൾ ഉള്ള പ്രദേശത്ത് ദുരിതാശ്വാസ നിധിയിൽ നിന്നും ആനുകൂല്യങ്ങൾ അനുവദിക്കാത്തത് മാതൃകാപരമായ നടപടിയല്ല.

ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ അവബോധം

നൽകി തുക അനുവദിക്കുകയും നിധിയിലേക്ക് തുക സ്വരൂപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ് .

## 1-12 ഗ്രാമ സഭ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 3(3) പ്രകാരം കുറഞ്ഞപക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം വിളിച്ചു ചേർക്കേണ്ടതാണ്. എന്നാൽ രാജ്യത്താകമാനം കോവിഡ് വ്യാപന സാഹചര്യമായതിനാൽ നിയമ പ്രകാരമുള്ള ഇടവേളകളിൽ യോഗം ചേരുവാൻ ഗ്രാമസഭകൾക്ക് സാധിച്ചിട്ടില്ല. 2020- 2021 സാമ്പത്തിക വർഷത്തിൽ ആകെ ഒരു തവണ മാത്രമാണ് 14 ഗ്രാമസഭകളും യോഗം ചേർന്നിട്ടുള്ളത്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | യോഗം ചേർന്ന മാസം | യോഗത്തിന്റെ അജണ്ട |
|---|---|---|
| 1 | ഫെബ്രുവരി2021 | 1.2021-22 വാർഷിക പദ്ധതി രൂപീകരണം<br>2.. എംജിഎൻആർജിഎസ് 2021-22- ആക്ഷൻ പ്ലാൻ, ഷെൽഫ് ഓഫ് പ്രോജക്ട് അംഗീകാരം |

നിലവിൽ ഗ്രാമസഭകൾ പലതും നിയമപരമായ ഒരു ബാദ്ധ്യത നിറവേറ്റുക എന്നതിനുമപ്പുറം പദ്ധതി ആസൂത്രണത്തിലോ, പദ്ധതി പ്രവർത്തനങ്ങളിലോ കാര്യമായി ഇടപെടുന്നില്ല. നിയമപ്രകാരം യഥാസമയം യോഗം ചേരാതിരിക്കുന്നതിനാലും ജനപങ്കാളിത്തത്തിന്റെ കുറവുമൂലവുമാണ് ഇപ്രകാരം ഗ്രാമസഭകൾ മാറിയിട്ടുള്ളത്.

## 1-13 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

മാനുവൽ രസീത്

1. രസീത് ബുക്കുകൾ കൈപ്പറ്റുന്ന ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും പൂർണ്ണമായ കൈയ്യൊപ്പും തീയതിയും രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

2. ഓരോ സാമ്പത്തിക വർഷവും അവസാനിക്കുമ്പോൾ ബാക്കി വരുന്ന രസീതുകൾ ക്യാൻസൽ ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

3. പിരിവ് രജിസ്റ്ററുകൾ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ യഥാസമയം പരിശോധിക്കേണ്ടതാണ്.

രസീതുകൾ വളരെ ശ്രദ്ധയോടും കാര്യഗൗരവത്തോടും ഉത്തരവാദിത്വത്തോടും കൂടി കൈകാര്യം ചെയ്യേണ്ടതാകയാൽ മുകളിൽ പറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയുടെയും മറ്റ് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

സാംഖ്യ രസീതുകൾ

1. സ്റ്റോക്കിലെടുത്ത സാംഖ്യ രസീതുകൾ അടുക്കും ചിട്ടയോടും കൂടിയും, രസീത് സ്റ്റോക്ക് രജിസ്റ്റർ കാലികമായും സൂക്ഷിക്കുന്നുണ്ട്.

## 1-14 തൊഴിൽ നികുതി അപാകതകൾ

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള മുഴവൻ വ്യാപാരികളുടേയും കമ്പനികളുടേയും തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ വ്യക്തികളുടേയും പേര് വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ തദ്ദേശസ്വയംഭരണസ്ഥാപനം സൂക്ഷിക്കേണ്ടതാണ്. ഈ രജിസ്റ്റർ അനുസരിച്ച്, ശമ്പളത്തിന്റെ/വരുമാനത്തിന്റെ വിവരങ്ങളടക്കം ജീവനക്കാരുടെ പേര് വിവരങ്ങൾ അടങ്ങിയ പത്രിക സമർപ്പിക്കേണ്ടതാണെന്നും തൊഴിൽനികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരുടേയുംമേൽ നികുതി ചുമത്തേണ്ടതാണെന്നും ആവശ്യപ്പെട്ടുകൊണ്ട് തൊഴിലുടമയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനം നോട്ടീസ് നൽകേണ്ടതാണ്. എന്നാൽ നികുതി അടവാക്കിയിരിക്കുന്നവരുടെ പേര് വിവരങ്ങൾ അടങ്ങുന്ന രജിസ്റ്റർ മാത്രമാണ് ഇവിടെ സൂക്ഷിച്ചു വരുന്നത്. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, തൊഴിൽ നികുതി കുടിശിക ഡിമാന്റ് രജിസ്റ്റർ, എന്നിവ സൂക്ഷിക്കുന്നില്ല. ഈ അപാകതകൾ പരിഹരിക്കണമെന്ന് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നതാണ്. എന്നാൽ തൊഴിൽ നികുതി രജിസ്റ്ററിൽ തൊഴിൽ നികുതി അടവാക്കിയതിന്റെ രസീത് നമ്പർ, അടവാക്കിയ തുക, ഡി.സി.ബി. എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങൾ പോലും രേഖപ്പെടുത്താതെ വീണ്ടും അപാകതകൾ തുടരുന്നു. തന്മൂലം തൊഴിൽനികുതിയിനത്തിലുള്ള വരവിന്റെ കൃത്യത ഉറപ്പുവരുത്തുവാൻ കഴിഞ്ഞിട്ടില്ല. ഈ അപാകതകൾ പരിഹരിച്ച് രജിസ്റ്ററുകൾ നിയമാനുസൃതം തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരുടേയും ധനകാര്യസ്റ്റാൻറിംഗ് കമ്മിറ്റിയുടേയും ശ്രദ്ധ ഇതിലേക്ക് ക്ഷണിക്കുന്നു.

## 1-15 ലൈസൻസ് - അപാകതകൾ

1996 ലെ പഞ്ചായത്ത്‌രാജ് ലൈസൻസ് ചട്ടങ്ങൾക്ക് 31.10.2017-ൽ ഭേദഗതി ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതുപ്രകാരം, സ്ഥാപനങ്ങളെ അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസസുകളായി തരംതിരിച്ച് ഓരോന്നിനും ബാധകമായ ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ 2020-21 സാമ്പത്തിക വർഷം ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകിയിരിക്കുന്നത് മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലല്ല. ലൈസൻസിനുള്ള അപേക്ഷകളിലെല്ലാം വിറ്റുവരവിന്റെ വിവരം മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. GO(P)നം.80/2017/Lsgd തീയതി.31.10.2017 അനുസരിച്ചുള്ള ലൈസൻസ് ഫീസ് ഈടാക്കുവാൻ വേണ്ട നടപടി കൈക്കൊള്ളേണ്ടതാണ്. ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ ക്രമീകരിച്ചത് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

### 1-16 ഇ ടെണ്ടർ - അസി.എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്ന ടെണ്ടർ ഫീസ് പഞ്ചായത്ത് തനത് ഫണ്ടിലേയ്ക്ക് മാറ്റിയിട്ടില്ല

ഗ്രാമ പഞ്ചായത്ത് അസി.എഞ്ചിനിയറുടെ പേരിൽ എസ്.ബി.ഐ നോർത്ത് പറവൂർ ശാഖയിലുള്ള ബാങ്ക് അക്കൗണ്ടിലാണ് 19.11.2019 മുതൽ ഇ- ടെണ്ടർ മുഖേനയുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തുക ക്രെഡിറ്റ് വന്നിട്ടുള്ളത്. അക്കൗണ്ടിൽ നിന്നും തുകകൾ പിൻവലിച്ചിട്ടില്ല. 31.3.21 ലെ നീക്കിയിരുപ്പ് തുക 86196/- രൂപ. അസി.എഞ്ചിനിയർ ക്യാഷ് ബുക്ക് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത തുക അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ടി അക്കൗണ്ടിൽ വരവുള്ള തുകകളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നീക്കിയിരുപ്പ് തുകയുടെ കൃത്യത വ്യക്തമല്ല. 19.11.2019 ന് മുമ്പുള്ള ഇ ടെണ്ടർ ഇനത്തിലെ ടെണ്ടർ ഫീസ് സംബന്ധിച്ച വിവരങ്ങൾ രേഖാമൂലം ഓഡിറ്റിൽ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.3/19-20/27.9.21) അസി.എഞ്ചിനിയർ ഹാജരാക്കിയ മറുപടിയിൽ 19.11.2019ന മുമ്പുള്ള തുകകൾ എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എൻജിനിയറുടെ അക്കൗണ്ടിലാണ് വരവുള്ളതെന്നും, ടി തുക തിരികെ ലഭ്യമാക്കുന്നതിനായി കത്ത് നൽകിയിട്ടുള്ളതായും, അസി.എഞ്ചിനിയറുടെ അക്കൗണ്ടിൽ വരവ് വന്നിട്ടുള്ള ടെണ്ടർ ഫീസ് തുക കൃത്യമായ കണക്ക് സഹിതം തനത് ഫണ്ടിലേയ്ക്ക് മാറ്റുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ടി വിഷയത്തിൽ സ്വീകരിക്കുന്ന തുടർ നടപടികൾ യഥാസമയം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-17 കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് - കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല

കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് ആക്ട്, 1996 പ്രകാരം പ്രവൃത്തികളിൽ കിഴിവ് വരുത്തുന്ന KBOCWW ഇനത്തിലുള്ള തുകയുടെ 1%തുക തദ്ദേശ സ്ഥാപനത്തിന് കളക്ഷൻ ചാർജ്ജായി ലഭിക്കുന്നതാണ്. ടി ഇനത്തിൽ വന്നിട്ടുള്ള വരവിന്റെ വിശദാംശം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അസി.എഞ്ചിനിയർ ഹാജരാക്കിയ മറുപടിയിൽ നാളിതുവരെ കളക്ഷൻ ചാർജ്ജ് തുക ഈടാക്കിയിട്ടില്ലാത്തതായും തുക ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

### 1-18 തനത് ഫണ്ടിന് ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ - സർക്കാർ നിർദ്ദേശം പാലിക്കപ്പെടുന്നില്ല.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 26.05.2011ലെ സർക്കുലർ നമ്പർ 58725/എഫ്.എം3/2008 /ത.സ്വ.ഭ.വ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ പാടില്ലെന്നും, തനത് വരുമാനം ട്രഷറി അക്കൗണ്ടിന് പുറമേ ഒരു ദേശസാത്കൃത ബാങ്ക് അല്ലെങ്കിൽ സഹകരണ ബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ പഞ്ചായത്തിലെ തനത് വരുമാനം താഴെ പറയുന്ന ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുള്ളതായി കാണുന്നു.

1. ബാങ്ക് ഓഫ് ഇന്ത്യ (തനത്)

2. ബാങ്ക് ഓഫ് ഇന്ത്യ (കറന്റ് അക്കൗണ്ട്)

3. എസ്.ബി.ഐ (ഇ പേയ്മെന്റ്)

4. ഇ.ഡി.സി.ബി (തനത്)

5. പള്ളിയാക്കൽ എസ്.സി.ബി

അപാകതയ്ക്ക് വിശദീകരണമായി സെക്രട്ടറി ഹാജരാക്കിയ മറുപടിയിൽ ബാങ്ക് ഓഫ് ഇന്ത്യ (കറന്റ് അക്കൗണ്ട്) ക്ലോസ്സ് ചെയ്യുന്നതിനായി കത്ത് നൽകിയിട്ടുള്ളതായും മറ്റു അക്കൗണ്ടുകളിൽ തനത് ഫണ്ടിനു പുറമേ മറ്റിനം ഫണ്ടുകൾ വന്നിട്ടുള്ളതിനാൽ പ്രസ്തുത തുകകൾ ചെലവഴിക്കുന്നതിന് വിധേയമായി അക്കൗണ്ടുകൾ ക്ലോസ്സ് ചെയ്യുന്നതാണെന്നും

അറിയിച്ചിട്ടുണ്ട്. തനത് ഫണ്ടിന്റെ സൂക്ഷിപ്പുമായി ബന്ധപ്പെട്ട് സർക്കാർ നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 കോവിഡ് പ്രതിരോധം-അവലോകനം

ഏഴിക്കര ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം 205/21 നമ്പർ കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ എന്ന പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിക്കുകയും 2020-21 വർഷം 1,12,134/-രൂപ ചെലവഴിക്കുകയും ചെയ്തു. ഏഴിക്കര പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ വെച്ച് പ്രസിഡന്റ് ശ്രീമതി ഗീത പ്രതാപിന്റെ അദ്ധ്യക്ഷതയിൽ 11.03.2020 തീയതിയിൽ കൊറോണ വൈറസ് രോഗപ്രതിരോധവുമായി ബന്ധപ്പെട്ട ഒരു ബോധവൽക്കരണ ക്ലാസ്സ് മെഡിക്കൽ ഓഫീസർ ഡോ.ബി.പ്രീതി നടത്തിയിട്ടുണ്ട്. ഗവൺമെന്റ് എച്ച്.എസ് സ്കൂളിൽ 12.05.2021 തീയതിയിൽ 40 ബഡ് ഉപയോഗിച്ച് ഡൊമിസിലിയറി കെയർ സെന്റർ പ്രവർത്തിച്ചിരുന്നു. തികച്ചും സാധാരണക്കാരായ ജനങ്ങൾക്ക് ആശ്വാസകരമായ രീതിയിലാണ് ഡൊമിസിലിയറി കെയർ സെന്ററിന്റെ പ്രവർത്തനം. പഞ്ചായത്തിലെ 14 വാർഡുകളിലും റാപ്പിഡ് റെസ്പോൺസ് ടീം (RRT) രൂപീകരിച്ചിട്ടുണ്ട്. എല്ലാ ആഴ്ചയിലും വാർഡ് മെമ്പറുടെ അധ്യക്ഷതയിൽ യോഗം ചേരുകയും റാപ്പിഡ് റെസ്പോൺസ് ടീമിന്റെ പ്രവർത്തനം വിലയിരുത്തുകയും പോരായ്മ വിശകലനം ചെയ്ത്, ആയത് പരിഹരിച്ച് പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. 2020-21 എപ്രിൽ, മെയ് മാസങ്ങളിൽ വാർ റൂം, ഹെൽപ്പ് ഡെസ്ക്, കോർ ടീം എന്നിവ പ്രവർത്തിച്ചിരുന്നുവെങ്കിലും ഹെൽപ്പ് ഡെസ്ക് ഒഴികെയുള്ള സംവിധാനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നില്ല. ഡൊമിസിലിയറി കെയർ സെന്റർ ന്റെ പ്രവർത്തനങ്ങൾക്ക് വേണ്ടി മാനേജ്മെന്റ് കമ്മറ്റി രൂപീകരിക്കുകയും ചെയർമൻ പ്രസിഡന്റും കൺവീനർ മെഡിക്കൽ ഓഫിസറും, സെക്രട്ടറി, ആരോഗ്യക്ഷേമ സ്റ്റാൻറിംഗ് കമ്മറ്റി ചെയർപേഴ്സൻ എന്നിവർ മെമ്പേഴ് മാണ്. കമ്മ്യൂനിറ്റി കിച്ചനുകളിൽ നിന്നും യഥാസമയം ഭക്ഷണം എത്തിക്കുന്നതിനും ഡൊമിസിലിയറി കെയർ സെന്റർറുടെ പ്രവർത്തനങ്ങൾക്കും യൂത്ത് വോളന്റിയർമാർ നൽകുന്ന സേവനം വിലപ്പെട്ടതാണ്. ഓരോ വാർഡിലും 50 വീട്ടുകളുടെ ക്ലസ്റ്ററുകളായി തിരിച്ച് രോഗ വ്യാപനം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ വാക്സിനേഷന് ക്യാമ്പുകൾ സംഘടിപ്പിക്കുകയും പരമാവധി ആളുകൾക്ക് ആയതിന്റെ പ്രയോജനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഡൊമിസിലിയറി കെയർ സെന്ററിലേക്ക് വാങ്ങിയ സാധനങ്ങൾക്ക് കൃത്യമായ രജിസ്റ്ററുകളും സൂക്ഷിക്കുന്നുണ്ട്. സംഭാവന ഇനത്തിൽ ലഭിക്കുന്ന തുക നിക്ഷേപിക്കുന്നതിന് ബാങ്ക് ഓഫ് ഇൻഡ്യ ഏഴിക്കര ബ്രാഞ്ചിൽ 856310110007638 നമ്പറായി അക്കൗണ്ട് ആരംഭിച്ചിട്ടുള്ളതാണ്. ബാങ്ക് പാസ് ബുക്ക്, വൗച്ചറുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നു. വാർഡ് തലത്തിൽ പൾസ് ഓക്സിമീറ്റർ സിഎച്ച്സി. ആശാവർക്കർ മുഖേന വാർഡുകളിൽ വിതരണം ചെയ്ത് ഉപയോഗിക്കുന്നുണ്ട്. 2020-21 വർഷം കോവിഡ് പ്രവർത്തനങ്ങൾക്ക് വേണ്ടി 19,000/-രൂപ സംഭാവന ലഭിച്ചിരുന്നു.

2020-21 വർഷം കോവിഡ് പ്രവർത്തനങ്ങൾക്ക് വേണ്ടി ലഭിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | സംഭാവന | 19000 |
| 2 | ഡി.ഡി.എം.എ | 100,000 |
| 3 | ബ്ളോക്ക് പഞ്ചായത്ത് | 50000 |
| ആകെ | | 169000 |
| ആകെ ചെലവ് | | 84009 |
| ബാലൻസ് | | 84991 |

ഗ്രാമപഞ്ചായത്തിൽ തൃപ്തികരമായ രീതിയിലാണ് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നത്.

## 1-20 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽസ് വാങ്ങൽ - നിയമാനുസൃതം ഈടാക്കേണ്ട ജി.എസ്.ടി, ആദായ നികുതി എന്നിവ ഈടാക്കിയില്ല.

2020-21വർഷത്തെ മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കിയ മെറ്റീരിയൽ വർക്കുകൾക്ക് മെറ്റീരിയൽസ് ലഭ്യമാക്കുന്നതിനായി ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ട് ആരും പങ്കെടുക്കാതിരുന്നതിനെ തുടർന്ന് ക്വട്ടേഷൻ ക്ഷണിക്കുകയും, ശ്രീ.ശ്യാം.കെ.ടി. കൊട്ടിയടത്ത് എന്ന കരാറുകാരന്റെ ക്വട്ടേഷൻ അംഗീകരിച്ച് ടിയാനിൽ നിന്നുമാണ് മെറ്റീരിയൽസ് വാങ്ങിയിട്ടുള്ളത്. എന്നാൽ കരാർ പ്രകാരം സാധനങ്ങൾ സപ്ളൈ ചെയ്തതിന് തുക അനുവദിച്ചപ്പോൾ ബില്ലിൽ നിന്നും നിയമാനുസൃതം ടി.ഡി.എസ് ആയി കുറവ് ചെയ്യേണ്ട ജി.എസ്.ടി (250000/- ലക്ഷം രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക്), ആദായനികുതി എന്നിവ കുറവ് ചെയ്യാതെ തുക നൽകിയത് മൂലം കരാറുകാരന് അധിക തുക നൽകുവാനിടയായി. (ഓരോ പ്രവൃത്തിയും പ്രത്യേകം കരാറാണ് ചമച്ചിട്ടുള്ളത്) വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം, | മെറ്റീരിയൽസിന് നൽകിയ തുക | ഈടാക്കേണ്ട GST (2%) | ഈടാക്കേണ്ട ആദായനികുതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | (1%) |
| 1 | തലേക്കാട്ട് തെക്കും തലേക്കാട്ട് റോഡ് കാന നിർമ്മാണം (എഫ്.പി.366620) | 250380 | 5008 | 2504 |
| 2 | തച്ചായിൽ എസ്.സി കോളനി കാന നിർമ്മാണം (എഫ്.പി.366619) | 160154 | | 1602 |
| 3 | തോട്ടത്തിൽ റോഡ് കാന നിർമ്മാണം (എഫ്.പി.366622) | 160023 | | 1600 |
| 4 | ചുളുക്കപ്പറമ്പ് കാന നിർമ്മാണം (എഫ്.പി.366740) | 290170 | 5804 | 2902 |
| 5 | ഭുവനേശരി റോഡ് നിർമ്മാണം കോൺക്രീറ്റിംഗ് (ആർ.സി 327607) | 130955 | | 1310 |
| 6 | പട്ടുപറമ്പ് റോഡ് കാന നിർമ്മാണം (ആർ.സി 329110) | 350549 | 7010 | 3505 |
| 7 | കീറ്റോടത്ത് കാന നിർമ്മാണം. (എഫ്.പി.366860) | 226539 | | 2265 |
| 8 | കണിയാംപറമ്പ് കിഴക്ക് റോഡ് നിർമ്മാണം (ആർ.സി 327603) | 61580 | | 616 |
| 9 | കണിയാംപറമ്പ് നോർത്ത് റോഡ് നിർമ്മാണം (ആർ.സി 327604) | 87314 | | 873 |
| 10 | തളിപറമ്പ് ഐശ്വര്യ റോഡ് നിർമ്മാണം (ആർ.സി 327605) | 153125 | | 1531 |
| 11 | കീറ്റോടത്ത് റോഡ് നിർമ്മാണം (ആർ.സി 327878) | 347184 | 6944 | 3472 |
| 12 | ചുളുക്കപ്പറമ്പ് റോഡ് നിർമ്മാണം (ആർ.സി 328530) | 79754 | | 798 |
| 13 | ചില്ലിത്തയ റോഡ് കാന നിർമ്മാണം (ആർ.സി.329111) | 303941 | 6078 | 3039 |
| | ആകെ | 2601668 | 30844 | 26017 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/20-21/6.10.21) മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരന് അധികമായി നൽകിയ 56,861/- രൂപ (30844+26017) തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-21 എം.ജി.എൻ.ആർ.ഇ.ജി.എസ് - ലഭ്യമാക്കിയ സാധനങ്ങളുടെ അളവിൽ നിന്നും നിയമാനുസൃത കുറവുകൾ വരുത്താതെ കരാറുകാരന് തുക നൽകി.

CPWD സ്പെസിഫിക്കേഷനിൽ നടത്തുന്ന പ്രവൃത്തികളിൽ ഉപയോഗിക്കുന്ന 40mm മെറ്റലിന്റെ സ്റ്റാക്ക് ചെയ്ത അളവിൽ നിന്നും 7.5% വോയ്ഡ്സ് കുറവു ചെയ്ത് മാത്രമേ കരാറുകാരന് തുക നൽകേണ്ടതുള്ളു. (Specification : 1- 27-2-3). കൂടാതെ കരാറുകാർ സപ്ലൈ ചെയ്യുന്ന ഗ്രാവലിന്റെ ലൂസ് സ്റ്റാക്ക് അളവിൽ നിന്നും 20% ഉം (Specification : 1- 27-1-1) ക്വാറിമക്കിന് മിനിമം 7.5% ഉം (Specification : 1- 27-2-3) കുറവു ചെയ്തതിനുശേഷമാണ് തുക അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ എംജിഎൻആർഇജിഎസ് പദ്ധതിയിലെ താഴെ പറയുന്ന പ്രവൃത്തികളിൽ ഈ വ്യവസ്ഥകൾ പാലിക്കാതെ കരാറുകാരൻ ലഭ്യമാക്കിയതായി ഇൻവോയിസിൽ പറഞ്ഞിട്ടുള്ള മുഴുവൻ അളവിനും മൂല്യനിർണ്ണയിക്കുക വഴി 22694/- രൂപയുടെ അധികച്ചെലവുണ്ടായിട്ടുണ്ട്. ടി തുക കരാറുകാരിൽ നിന്നും തിരികെ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്. വിശദ വിവരം ഭാഗം 3 ൽ ചേർത്തിട്ടുണ്ട്.

## 1-22 ടെണ്ടർ ഡിഡക്ഷൻ കുറവ് ചെയ്യാതെ തുക അനുവദിച്ചത് മൂലം കരാറുകാരന് അധിക തുക നൽകി

2020-21വർഷത്തെ മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കിയ മെറ്റീരിയൽ വർക്കുകൾക്ക് മെറ്റീരിയൽസ് ലഭ്യമാക്കുന്നതിനായി ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ട് ആരും പങ്കെടുക്കാതിരുന്നതിനെ തുടർന്ന് ക്വട്ടേഷൻ ക്ഷണിക്കുകയും, ശ്രീ.ശ്യാം.കെ.ടി. കൊട്ടിയടത്ത് എന്ന കരാറുകാരന്റെ ക്വട്ടേഷൻ (എസ്റ്റിമേറ്റിൽ നിന്നും 1% കുറവ്) അംഗീകരിച്ച് ടിയാനിൽ നിന്നുമാണ് മെറ്റീരിയൽസ് വാങ്ങിയിട്ടുള്ളത്. തൻ വർഷം നടപ്പാക്കിയ 13 പ്രവൃത്തികളുടെ മെറ്റീരിയൽസിന്റെ വില ഇനത്തിൽ 2601668/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ അളവ് പുസ്തകത്തിൽ പ്രവൃത്തികളുടെ മൂല്യം കണക്കാക്കി തുക നൽകിയ സാഹചര്യത്തിൽ കരാറുകാരൻ ക്വാട്ട് ചെയ്തിരുന്ന 1% ടെണ്ടർ കുറവ് വരുത്താതെയാണ് തുക നൽകിയത്. വിശദ വിവരം ചുവടെ

സപ്ലൈ ചെയ്ത മെറ്റീരിയൽസിന്റെ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക – 2563981/- (2601668 – 37687/- 13 ബോർഡുകളുടെ തുക 2899/- നിരക്കിൽ ക്വട്ടേഷനിൽ ഉൾപ്പെടാത്തത് കാരണം കുറവ് ചെയ്യുന്നു.)

ടെണ്ടർ കുറവ് ചെയ്യേണ്ട തുക - 2563981/- X 1% - 25640/- രൂപ

അധികം നൽകിയ 25640/- രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-23 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - നിർവ്വഹണത്തിലെ അപാകതൾ

ഗ്രാമ പഞ്ചായത്തിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ ഉള്ളതായി പരിശോധനയിൽ കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് ഓരോ പ്രവൃത്തിക്കും പ്രത്യേകം ടെണ്ടർ ക്ഷണിക്കുന്നു .

സ്റ്റോർ പർച്ചേയ്സ് മാനുവൽ ഖണ്ഡിക 7.33 (iii) പ്രകാരം ആവശ്യമുള്ള ഒരേയിനം സാധനങ്ങളുടെ അളവുകൾ കൂട്ടിച്ചേർത്ത് ഒറ്റ ടെണ്ടർ ക്ഷണിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇതിന് വിരുദ്ധമായി പല പ്രവൃത്തികൾക്കും ആവശ്യമുള്ള സാധനങ്ങൾ എല്ലാം ഒന്ന് തന്നെ ആണെങ്കിലും ഓരോ പ്രവൃത്തിക്കും പ്രത്യേകം പ്രത്യേകം ടെണ്ടർ ക്ഷണിക്കുന്നു. ഇത് മത്സരാധിഷ്ഠിത നിരക്കുകൾ ലഭിക്കുന്നതിന് വിഘാതമാവുന്നുണ്ട്. മാത്രമല്ല ഒരു ടെണ്ടർ ആയി ക്ഷണിക്കുമ്പോൾ പർച്ചേയ്സ് തുക 5 ലക്ഷത്തിൽ അധികരിക്കുകയും ഇ-ടെണ്ടർ മുഖാന്തിരം വാങ്ങൽ നടത്തേണ്ടിയും വരും. ഇത് ഒഴിവാക്കുവാൻ കൂടിയാണ് ഒരേ ഇനം സാധനങ്ങൾ വാങ്ങുന്നതിനായി ഇത്തരത്തിൽ ഓരോ പ്രവൃത്തിക്കും പ്രത്യേകം ടെണ്ടർ ക്ഷണിക്കുന്നത് എന്ന് കാണുന്നു.

2.2018 ലെ ഫിനാൻസ് ആക്ട് പ്രകാരം കരാർ തുകയുടെ 0.1% തുകയ്ക്കുള്ള സ്റ്റാമ്പ് പേപ്പർ കരാർ ചമയ്ക്കുന്നതിന് ഉപയോഗിക്കണം. എന്നാൽ തൊഴിലുറപ്പ് പദ്ധതിയിലെ പല പ്രവൃത്തികൾക്കും മതിയായ മൂല്യമുള്ള സ്റ്റാമ്പ് പേപ്പർ ഉപയോഗിച്ചിട്ടില്ല.

3.ഭൂരിഭാഗം പ്രവൃത്തികളുടെ ഫയലിലും സൈറ്റ് ഡയറി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

4. പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പ്, പ്രവൃത്തി നിർവ്വഹണ ഘട്ടത്തിൽ, പൂർത്തീകരണ ഘട്ടത്തിലെ ഫോട്ടോകളുടെ പ്രിന്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

5.പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയലിൽ തുക നൽകിയതുമായി ബന്ധപ്പെട്ട (FTO Report) വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല

6.കരാറുകാർക്ക് നൽകുന്ന ബിൽ തുകയിൽ നിന്നും നിയമാനുസൃതം ടി.ഡി.എസ് ആയി ഈടാക്കേണ്ട ജി.എസ്.ടി, ആദായ നികുതി എന്നിവ ഈടാക്കുന്നില്ല.

7. മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ് (Annex.VI) രേഖപ്പെടുത്തി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

8.പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം (Annex.V) ഫയലിൽ സൂക്ഷിച്ചിട്ടില്ല.

9. സോഷ്യൽ ഓഡിറ്റ് നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

10.കയർ ഭൂവസ്ത്ര നിർമ്മാണം - കയർമാറ്റ് വാങ്ങിയതിന്റെ ക്യാഷ് ബിൽ ഹാജരാക്കിയിട്ടില്ല.

കയർ ഭൂവസ്ത്ര നിർമ്മാണത്തിനായി കേരള സംസ്ഥാന കയർ കോർപ്പറേഷനിൽ നിന്നാണ് കയർമാറ്റ് വാങ്ങിയിട്ടുള്ളത്. എന്നാൽ ഇതിന്റെ ക്യാഷ് ബിൽ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇൻവോയ്സിന്റെ പകർപ്പാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/20-21/6.10.21) ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 കയർ ഭൂവസ്ത്രം വിരിക്കൽ - വാങ്ങിയ കയർ ഭൂവസ്ത്രം ഉപയോഗിച്ച് ഭൂവസ്ത്രം വിരിക്കാവുന്ന പ്രതല വിസ്തൃതിയിൽ അധികം പ്രവൃത്തി ചെയ്തതായി രേഖപ്പെടുത്തി അധിക വേതനം നൽകി.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ ബണ്ടുകൾ പുനരുദ്ധരിച്ച് കയർ ഭൂവസ്ത്രം വിരിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികളിൽ വാങ്ങുന്ന കയർ മാറ്റ് (കയർ ഭൂവസ്ത്രം) ആവശ്യമായ അളവുകളിൽ മുറിച്ച് മുളയാണി ഉപയോഗിച്ച് പ്രതലത്തിൽ ഉറപ്പിക്കുകയാണ് ചെയ്യുന്നത്. ഇത്തരത്തിൽ കയർ ഭൂവസ്ത്രം മുറിക്കുകയും പിന്നീട് ചേർത്ത് ഉറപ്പിക്കുകയും ചെയ്യുന്നതിനാൽ ഒരു ചതുരശ്ര മീറ്റർ പ്രതലത്തിൽ ഭൂവസ്ത്രം വിരിക്കുന്നതിന് 1.05ചതു.മീറ്റർ കയർഭൂവസ്ത്രം ആവശ്യമാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ (ഇനം 80.8.49) ഒരു ചതു.മീറ്ററിലേക്കായി 1.05ചതു.മീറ്റർ കയർഭൂവസ്ത്രം ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയാണ് നിരക്ക് നിർണ്ണയിച്ചിട്ടുള്ളതും. എന്നാൽ ഇതനുസരിച്ചുള്ള അളവിൽ കയർഭൂവസ്ത്രം അധികം വാങ്ങിയതായിക്കാണുന്നില്ല. ആകെ പ്രതല വിസ്തൃതിയുടെ അളവിലാണ് കയർഭൂവസ്ത്രം വാങ്ങിയിട്ടുള്ളത്. അതിനാൽ, കയർഭൂവസ്ത്രം വാങ്ങിയ അളവിലും കുറഞ്ഞ സ്ഥലത്തേ ഭൂവസ്ത്രം വിരിക്കുവാൻ സാധിക്കൂ. എന്നാൽ കയർഭൂവസ്ത്രം വാങ്ങിയ അതേ അളവിൽ തന്നെ ജോലി ചെയ്തതായിട്ടാണ് ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇപ്രകാരം (ഇനം.നം.80.8.63ൽ, ചതുരശ്ര മീറ്ററിന് 71.586 രൂപ നിരക്കിൽ) താഴെ പറയുന്ന പ്രവൃത്തികളിൽ അധിക വേതനം നല്കപ്പെട്ടിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | കയർ ഭൂവസ്ത്രം വാങ്ങിയത് (ച.മീറ്റർ) | ഭൂവസ്ത്രമുപയോഗിക്കാവുന്ന പ്രതല വിസ്തൃതി ചതു.മീറ്റർ (ഭൂവിസ്തൃതി/1.05) | നല്കിയ തുക (71.586/ച.മീ) | നല്കാവുന്ന തുക | അധികം നൽകിയത് |
|---|---|---|---|---|---|---|
| 1 | ബണ്ടുകൾ പുനരുദ്ധരിച്ച് ഭൂവസ്ത്രം വിരിക്കൽ -വാർഡ് 6 എം.ബുക്ക് 117/20-21 FTO- 237712/14.8.20 | 1264.20 | 1204 | 90499 | 86190 | 4309 |
| 2 | വാർഡ് 10 എം.ബുക്ക് 81/20-21 FTO- 216981/5.8.20 | 1344 | 1280 | 96212 | 91630 | 4582 |
| 3 | വാർഡ് 7 എം.ബുക്ക്196/20-21 FTO- 291653/16.9.20 | 1082.76 | 1031.20 | 77510 | 73819 | 3691 |
| 4 | വാർഡ് 7 എം.ബുക്ക് 107/20-21 FTO- 190160/24.7.20 | 1238.16 | 1179.20 | 88635 | 84414 | 4221 |
| 5 | വാർഡ് 7 എം.ബുക്ക് 58/20-21 FTO- 142756/26.6.20 | 1373.40 | 1308 | 98316 | 93634 | 4682 |
| 6 | വാർഡ് 13 എം.ബുക്ക് 274/20-21 FTO- 445623/11.11.20 | 1294.44 | 1232.80 | 92664 | 88251 | 4413 |
| | ആകെ | | | | | 25898 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/20-21/6.10.21) ലഭ്യമാക്കിയ മറുപടിയിൽ ടി തുക പൂർണ്ണമായും തൊഴിലാളികൾക്ക് വേതനമായി നൽകിയിട്ടുള്ളതാണെന്നും, അപാകത മേലിൽ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തുന്നതിൽ സൂക്ഷ്മത പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 കുടിവെള്ളക്കരം 4,48,42,155/-രൂപ കുടിശ്ശികയായി നിലനിൽക്കുന്നു.

ഏഴിക്കര ഗ്രാമ പഞ്ചായത്തിൽ നിലവിൽ ഭീമമായ വെള്ളക്കരം കേരള വാട്ടർ അതോറിറ്റിക്ക് നൽകുവാനുള്ളതായി കാണുന്നു. വാട്ടർ ബില്ലിലെ അപാകതകൾ താഴെ ചേർക്കുന്നു. ഗ്രാമ പഞ്ചായത്തിൽ 245 ടാപ്പുകളാണ് നിലവിലുള്ളത്. ആയതിന്റെ വെള്ളക്കരം 1,07,188/- രൂപയാണ് മാസത്തിൽ ഡിമാന്റ് ചെയ്തിരിക്കുന്നത്. 2020-21 വർഷം കേരള വാട്ടർ അതോറിറ്റിക്ക് കുടിശ്ശിക തുക നൽകുന്നതിന് പ്രോജക്ട് തയ്യാറാക്കിയെങ്കിലും ചെലവഴിച്ചിട്ടില്ല. 05.03.2021ലെ ബിൽ നമ്പർ 49883 പ്രകാരമുള്ള വാട്ടർ ബില്ലിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| ഓപ്പണിംഗ് ബാലൻസ് | 4,38,74,321 |
| ഫൈൻ | 8,60,646 |
| ഡിമാന്റ് | 1,07,188 |
| ആകെ | 4,48,42,155 |

ഗ്രാമ പഞ്ചായത്തിൽ ഭീമമായ തുകയാണ് വെള്ളക്കരം ഇനത്തിൽ കുടിശ്ശികയുള്ളത്. ഇതുസംബന്ധിച്ച അപാകതകൾ താഴെ ചേർക്കുന്നു.

1) 2019-20 സാമ്പത്തിക വർഷം 362 ടാപ്പുകൾക്ക് 1,58,375/-രൂപയാണ് ഓരോ മാസവും കേരള വാട്ടർ അതോറിട്ടി വെള്ളക്കരം ഇനത്തിൽ ഡിമാന്റ് ചെയ്യുന്നത്. ഇത് 2020-21 സാമ്പത്തിക വർഷം 245 ടാപ്പുകളായി കുറയ്ക്കുകയും വെള്ളകരം ഇനത്തിൽ ഡിമാന്റ് ചെയ്യുന്നത് 1,07,188/- രൂപയുമാക്കിയിരുന്നു. കുറവ് വരുത്തേണ്ട ടാപ്പുകൾ സംബന്ധിച്ച് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തിയതിന്റെയോ പഞ്ചായത്ത് കമ്മറ്റി തീരുമാനം എടുത്തതിന്റെയോ രേഖകൾ ഫയലിൽ ലഭ്യമല്ല. എന്നാൽ ഓരോ മാസവും കുടിശ്ശികയായിട്ടുള്ള വെള്ളക്കരത്തിന് 8,60,646/- രൂപയോളം പിഴ ഇനത്തിൽ ഡിമാന്റ് ചെയ്യുന്നുണ്ട്.

2) 09/2004 ലെ ഇൻവോയിസ് നമ്പർ 1656 തീയതി 31.03.2004 വരെ അടവാക്കേണ്ട കുടിശ്ശിക തുക 32,26,698/-രൂപയും 4/2004 ലെ വെള്ളക്കരം 42,438/-രൂപയും ചേർന്ന തുകയുടെ 2 ശതമാനം പിഴ തുക കാണിച്ചിരിക്കുന്നത് 28,43,596/-രൂപയാണ് . ബില്ലിൽ തെറ്റായിട്ടാണ് മേൽ പിഴ തുക രേഖപ്പെടുത്തിയിരിക്കുന്നത്. ആയത് നാളിത് വരെ വാട്ടർ അതോറിട്ടി തിരുത്തുകയോ കുടിശ്ശികയിൽ കുറവ് വരുത്തുകയോ ചെയ്തിട്ടില്ല.

3) ഗ്രാമപഞ്ചായത്തിൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഗാർഹിക കണക്ഷനുകൾ ഗുണഭോക്താക്കൾക്ക് നൽകുന്നതിനാൽ നിലവിലെ ടാപ്പുകളുടെ ആവശ്യകത സംബന്ധിച്ച് പഞ്ചായത്ത് തലത്തിൽ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി റിപ്പോർട്ട് തയ്യാറാക്കുകയും ഓരോ വാർഡിലേയും അവശ്യമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

4) തൻവർഷം വെള്ളക്കരം ഒന്നും തന്നെ അടവാക്കിയിട്ടില്ലാത്തതിനാൽ പഞ്ചായത്ത് കമ്മറ്റി അടിയന്തിരമായി ഈ വിഷയം സംബന്ധിച്ച് തീരുമാനം കൈകൊള്ളേണ്ടതാണ്. തനത് ഫണ്ട് തീരെ കുറവുള്ള ഗ്രാമപഞ്ചായത്തിന് വെള്ളകരം ഇത്രയും ഭീമമായ തുക കുടിശ്ശികയായി കിടക്കുന്നത് സ്ഥാപനത്തിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നതാണ്. ആയത് സംബന്ധിച്ച് വിവരം സർക്കാറിന്റെ ശ്രദ്ധയിൽ പ്പെടുത്തി കുടിശ്ശിക തീർപ്പാക്കുന്നതിന് പരിഹാരം കാണേണ്ടതാണ്.

## 1-26 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

| ക്രമ നമ്പർ | പ്രോജക്റ്റിന്റെ പേര് വിവരം | നിർവ്വഹണ ഉദ്യോഗസ്ഥൻ | തുക നൽകിയ സ്ഥാപനം | അടങ്കൽ | ചെലവഴിച്ച തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1 | 161/20സ്ട്രീറ്റ് ലൈൻ വലിക്കൽ | സെക്രട്ടറി | KSEB | 295192 | 103510 | 64/20-21 /12.03.21 |

മേൽ പ്രവർത്തിയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-27 കൃഷി ഓഫീസർ ചെലവ് രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട് എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരുടേയും പദ്ധതി ചെലവ് രേഖകൾ ഓഡിറ്റിൽ ഹാജരാക്കുവാനാവശ്യപ്പെട്ട് 23.09.21 ൽ ഓഡിറ്റ് റിക്വിസിഷൻ നൽകിയിരുന്നെങ്കിലും ഗ്രാമപഞ്ചായത്തിലെ കൃഷി ഓഫീസർ പ്രസ്തുത രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് വർഷം 11 പദ്ധതികൾക്കായി 18,09,426/- രൂപയാണ് കൃഷി ഓഫീസർ ചെലവഴിച്ചിട്ടുള്ളത്. പ്രസ്തുത ചെലവ് രേഖകൾ എത്രയും വേഗം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം ടി തുക നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി ഓഡിറ്റിൽ തിട്ടപ്പെടുത്തുന്നതാണെന്ന് അറിയിച്ചുകൊണ്ട് ഓഡിറ്റ് എൻക്വയറി നം. 9 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുകയുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം./ പേര് | ചെലവ് |
|---|---|---|
| 1 | 14/20-21/നെൽകൃഷി വികസനം – നെൽവിത്ത് സബ്സിഡി | 400000 |
| 2 | 15/20-21/പൊക്കാളി കൃഷിക്ക് കൂലിച്ചെലവ് | 841300 |
| 3 | 16/20-21 /ഏത്തവാഴ കൃഷി വികസനം | 50000 |
| 4 | 17/20-21/കേരവികസനം | 55476 |
| 5 | 19/20-21/പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് | 119000 |
| 6 | 21/20-21/ കേരകൃഷിസ്പിൽ ഓവർ പദ്ധതി 2019-20 ഗുണഭോക്താക്കൾക്കുള്ള | 18225 |

| | | |
|---|---|---|
| | ആനുകൂല്യം | |
| 7 | 113/20-21/നടീൽ വസ്തുക്കൾ വിതരണം | 60000 |
| 8 | 151/20-21/മുറ്റത്തൊരു പച്ചക്കറിത്തോട്ടം | 48825 |
| 9 | 152/20-21/ഫലവൃക്ഷത്തൈ വിതരണം. | 30000 |
| 10 | 153/20-21/ഞാറ്റ് വേലച്ചന്ത | 5000 |
| 11 | 155/20-21/ ഗ്രോബാഗ് പച്ചക്കറി | 181600 |
| | ആകെ ചെലവ് | 18,09,4 26/- |

## 1-28 സേവന പെൻഷൻ വിതരണം - അപാകതകൾ

സേവന പെൻഷൻ വിതരണം സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 2 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. 2020-21 മരണറിപ്പോർട്ടുകൾ ആസ്പദമാക്കി സേവന പെൻഷൻ വിതരണം പരിശോധിച്ചതിൽ ഗുണഭോക്താക്കൾ മരണപ്പെട്ട പെൻഷൻ അക്കൗണ്ടുകളിലേക്ക് വിതരണം ചെയ്യപ്പെട്ട തുകകൾ പലതും (ഡയറക്ട് ടു ഹോം) കൈമാറാൻ സാധിക്കാത്തതായി സ്റ്റാറ്റസ് കാണിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു. ഗുണഭോക്താവ് കൈപ്പറ്റാത്ത തുകകളും മരണശേഷം അക്കൗണ്ടിൽ നിക്ഷേപിച്ചതുമായ തുകകൾ നിലവിൽ ആരുടെ കൈവശമാണെന്നതു സംബന്ധിച്ച് അന്വേഷണം നടത്തി തുടർനടപടി വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

A. കർഷകതൊഴിലാളി പെൻഷൻ

| ക്രമ നം. | ആധാർ നം. | പേര് | മരണപ്പെട്ട തീയതി/ സസ്പെൻറ് ചെയ്ത തീയതി | തുക | കാലയളവ് | സ്റ്റാറ്റസ് |
|---|---|---|---|---|---|---|
| 1 | 701845278686 | തങ്കമ്മ | 05.12.20/ 09.01.21 | 1400/- | 12/2020 | കൈമാറാൻ സാധിച്ചില്ല. |
| 2 | 204550483161 | കണ്ടാരുകുട്ടി | 04.11.20/ 09.01.21 | 4200/- | 10/20 To 12/20 | " |
| 3 | 975646414545 | ശശി കെ.പി. | 14.10.20/ 09.01.21 | 2800 | 11,12/2020 | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു |
| 4 | 522289348409 | തങ്കമ്മ | 14.10.20/ 09.01.21 | 2800 | 11,12/2020 | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു |

B. വിധവ പെൻഷൻ

| ക്രമ നം. | ആധാർ നം. | പേര് | മരണപ്പെട്ട തീയതി/ സസ്പെൻറ് ചെയ്ത തീയതി | തുക | കാലയളവ് | സ്റ്റാറ്റസ് |
|---|---|---|---|---|---|---|
| 1 | 455292990397 | ലളിത സുതൻ | 23.07.20/09.01.21 | 10800/- | 5/20 To 12/20 | കൈമാറാൻ സാധിച്ചില്ല. |

C. വാർധക്യകാല പെൻഷൻ

| ക്രമ നം. | ആധാർ നം. | പേര് | മരണപ്പെട്ട തീയതി/സസ്പെന്റ് ചെയ്ത തീയതി | തുക | കാലയളവ് | സ്റ്റാറ്റസ് |
|---|---|---|---|---|---|---|
| 1 | 442223479528 | റോസമ്മ അഗസ്റ്റിൻ | 26.11.20/ 19.07.21 | 12300/- | 11/20 To 6/21 | കൈമാറാൻ സാധിച്ചില്ല. |
| 2 | 434470740836 | മീനാക്ഷി വേലായുധൻ | 11.12.20 | 1500/- | 12/2020 | " |

D. വികലാംഗ പെൻഷൻ

| ക്രമ നം. | ആധാർ നം. | പേര് | മരണപ്പെട്ട തീയതി/ സസ്പെൻറ് ചെയ്ത തീയതി | തുക | കാലയളവ് | സ്റ്റാറ്റസ് |
|---|---|---|---|---|---|---|
| 1 | 246167078789 | ശാന്ത | 28.10.20/ 09.01.21 | 4200/- | 10,11,12/2020 | കൈമാറാൻ സാധിച്ചില്ല. |

D. കേരള ഫിഷർമെൻ വെൽഫെയർ ഫണ്ട് ബോർഡ് പെൻഷൻ

| ക്രമ നം. | ആധാർ നം. | പേര് | മരണപ്പെട്ട തീയതി | Remarks |
|---|---|---|---|---|
| 1 | 653300826835 | സുമതി | 13.12.2020 | കേരള ഫിഷർമെൻ വെൽഫെയർ ഫണ്ട് |

| | | | | |
|---|---|---|---|---|
| | | വേലായുധൻ | | ബോർഡ് പെൻഷൻ ആക്ടീവ്ആയി തുടരുന്നു. മരണം റിപ്പോർട്ട് ചെയ്യപ്പെട്ട തദ്ദേശ സ്ഥാപനം എന്ന നിലയിൽ മരണവിവരം ബന്ധപ്പെട്ട വെൽഫെയർ ഫണ്ട് അധികൃതരെ അറിയിക്കേണ്ടതാണ്. |

09.10.2020 ലെ DBT Cell Messageപ്രകാരം, മരണപ്പെട്ട ഗുണഭോക്താക്കൾ അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷാ പെൻഷൻ തുകകൾ എല്ലാം തന്നെ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിൻെറ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് H.O Branch Account ലേക്ക് തിരികെ അടവാക്കേണ്ടതാണ്. A/c No.001101023000269, IFS Code KSBK 0000101. മേൽ സന്ദേശത്തെ തുടർന്ന് ഗ്രാമ പഞ്ചായത്ത് ഈ ഇനത്തിൽ തിരികെ അടവാക്കിയ തുകകൾ സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. തിരിച്ചടവാക്കിയ തുക, തീയതി, അക്കൗണ്ട് നമ്പർ , UTR നമ്പർ എന്നിവയുൾപ്പെടുന്ന സ്റ്റേറ്റ്മെൻറ് ലഭ്യമാക്കേണ്ടതാണ്.

പെൻഷൻ വിതരണം സംബന്ധിച്ച് ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് എൻക്വയറിയിലൂടെ ലഭ്യമാക്കിയത്. ഗ്രാമപഞ്ചായത്തിൽ പെൻഷൻ വിതരണം നടത്തുന്ന എല്ലാ അക്കൗണ്ടുകളും ഓഡിറ്റിൽ പരിശോധിക്കുക എന്നത് പ്രായോഗികമല്ലാത്തതിനാൽ മേൽ ഉദാഹരണങ്ങളിൽ സംഭവിച്ചിരിക്കുന്ന അപാകതകൾ മറ്റ് അക്കൗണ്ടുകളിലും സംഭവിച്ചിട്ടില്ല എന്ന് ഉറപ്പാക്കുന്നതിനായി ഗ്രാമ പഞ്ചായത്തിലെ മുഴുവൻ സേവന പെൻഷൻ ഗുണഭോക്താക്കളുടെയും അക്കൗണ്ടുകൾ പരിശോധിച്ച് അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഓരോ പീരീഡിലും വിതരണം ചെയ്യപ്പെടുന്ന പെൻഷൻ തുകകൾ കൃത്യമായി ഗുണഭോക്താവിനു ലഭ്യമാകുന്നുണ്ടോ എന്നും മരണപ്പെടുന്നവരുടെ അക്കൗണ്ടുകൾ യഥാസമയം സസ്പെൻറ് ചെയ്യപ്പെടുന്നുണ്ടോ എന്നതും ഉറപ്പാക്കുന്ന വിധത്തിൽ കൂടുതൽ കാര്യക്ഷമതയോടെ പെൻഷൻ വിതരണം കൈകാര്യം ചെയ്യപ്പെടേണ്ടതുണ്ട്. ആയതിനാൽ ഈ വിഷയത്തിൽ ധനകാര്യ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും പഞ്ചായത്ത് കമ്മിറ്റിയുടെയും അടിയന്തിരമായ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്. ഓരോ പീരീഡിലും വിതരണം ചെയ്യപ്പെടുന്ന പെൻഷൻ തുകകൾ സംബന്ധിച്ച് ബാങ്ക് സ്റ്റേറ്റ്മെന്റ് വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

## 1-29 മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:-

ഗ്രാമപഞ്ചായത്തിലെ അസി. എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി 20-21 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

(1) പ്രവൃത്തികൾ ടെണ്ടർ നൽകുന്നതുമായി ബന്ധപ്പെട്ടുള്ള പ്രിലിമിനറി എഗ്രിമെന്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്താതെ ബ്ലാങ്ക് സ്റ്റാമ്പ് പേപ്പർ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

(2) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

(3) പ്രവൃത്തികളുടെ പൂർത്തീകരണ കാലയളവ് ടെണ്ടറിലും, സാങ്കേതികാനുമതി പത്രികയിലും വ്യത്യസ്തമായി രേഖപ്പെടുത്തി കാണുന്നു.

(4) കരാറുകാരനുമായി ചമച്ചിട്ടുള്ള കരാറുകളിലെ പൂർത്തീകരണ കാലാവധിയും പിഴയുമായി ബന്ധപ്പെട്ട ഭാഗം കാലഹരണപ്പെട്ടതാണെന്ന് കാണുന്നു. പുതുക്കിയ പി.ഡബ്യു.ഡി മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറുകൾ തയ്യാറാക്കേണ്ടതാണ്.

(5) കരാറുകാർക്ക് നൽകിയിട്ടുള്ള സെലക്ഷൻ നോട്ടീസിന്റെ ഫയലിൽ സൂക്ഷിച്ചിട്ടുള്ള ഭൂരിഭാഗം പകർപ്പിലും തീയതി രേഖപ്പെടുത്തിയിട്ടില്ല.

പ്രസ്തുത ന്യൂനതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/20-21/7.10.21) നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-30 അനുപൂരക പോഷകാഹാര പദ്ധതി - ജി.എസ്.ടി.ക്രമവിരുദ്ധമായി നൽകിയത് സംബന്ധിച്ച്

2020-21 വർഷത്തെ അനുപൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായി അംഗൻവാടികളിൽ അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്തത് ചൂർണ്ണിക്കര അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റാണ് (Common Facility Centre, Choornikkara).

കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട 28.6.2017ലെ നോട്ടിഫിക്കേഷൻ നം 12/2017- Central Tax (Rate)-ലെ ക്രമ നം. 66 ക്ലോസ് (B) (li) പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സ്കൂളുകളിലും അംഗൻവാടികളിലും വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങൾക്ക് ജി.എസ്.ടി പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021നമ്പർ സർക്കുലറിൽ സർക്കാർ സഹായത്തോടെയോ സംഭാവനകൾ വഴിയായോ ഉള്ള, അംഗൻവാടികൾ ഉൾപ്പടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഭക്ഷണവിതരണ പരിപാടികൾക്ക് ജി.എസ്.ടി ബാധകമല്ല എന്നകാര്യം സ്പഷ്ടീകരിച്ചിട്ടുണ്ട്. എന്നാൽ ഏഴിക്കര ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതിയിൽ വിതരണം ചെയ്ത അമൃതം ന്യൂട്രിമിക്സിന്റെ ബില്ല് പരിശോധിച്ചതിൽ, അമൃതം ന്യൂട്രിമിക്സിന്റെ വിലയോടൊപ്പം ജി.എസ്.ടി ചുമത്തിയതായി കാണുന്നു. വിശദവിവരം താഴെകൊടുക്കുന്നു.

| (പ്രോജക്ട് നം-45/20-21) | | | | |
|---|---|---|---|---|
| ക്രമ നം | ന്യൂട്രിമിക്സിന്റെ ബിൽ നം | ബിൽ തുക | ചുമത്തിയ ജി.എസ്.ടി | ചെലവ് വിവരം |
| 1 | 90/30.04.20 | 56004 | 2666 | CH No. 067277/04.03.21 |
| 2 | 596/24.11.20 | 74222 | 3534 | |
| 3 | 006/21.12.20 | 68938 | 3282 | |
| 4 | 009/19.01.21 | 71958 | 3426 | |
| 5 | 013/11.02.21 | 79758 | 3798 | |
| 6 | 03/30.08.20 | 74222 | 3534 | Ch No. 062116/03.12.20 |
| 7 | 094/23.09.20 | 76990 | 3666 | |
| 8 | 505/21.10.20 | 71706 | 3414 | |
| 9 | 40/11.10.19 | 49314 | 2348 | |
| 10 | 06/30.04.19 | 32706 | 1556 | |
| 11 | 696/26.05.20 | 58118 | 2766 | |
| | Proj No. 114/20-21 | | | |
| 1 | 31/05.09.19 | 58622 | 2790 | Bill No. 2/20-21 27.04.20/3,50,000/- |
| 2 | 11/26.02.20 | 52081 | 2480 | “ |
| 3 | 79/18.03.20 | 54847 | 2610 | “ |
| | ആകെ | | 41870 | |

അംഗൻവാടി ഭക്ഷണവിതരണത്തിന് ബാധകമല്ലാത്ത ജി.എസ്.ടി കൂടി ഉൾപ്പെട്ട തുക വിതരണ സ്ഥാപനത്തിന് നൽകിയത് മൂലം പഞ്ചായത്ത് ഫണ്ടിൽ നിന്നും അധികച്ചെലവുണ്ടായിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021 നമ്പർ സർക്കുലറിൽ അംഗൻവാടി പോഷകാഹാര വിതരണത്തെ 28/06/2017 ലെ ജി.എസ്.ടി നോട്ടിഫിക്കേഷൻ പ്രകാരം തന്നെ ജി.എസ്.ടി യിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായി അറിയിച്ചിട്ടുള്ളതിനാൽ മേൽ പ്രകാരം അധികച്ചെലവ് വരുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ്എൻക്വയറി നമ്പർ 7 നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ വനിത ശിശു വികസന ഡയറക്ടറുടെ 18.08.2021 ലെ ICDS B3/13220/21 നമ്പർ കത്തിൻെറ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. ആയതിൽ അമൃതം നടിമിക്സ് വിതരണത്തിൽ ജി.എസ്.ടി ഒഴിവാക്കാൻ സാധിക്കുമോ എന്ന വിഷയത്തിൽ കൂടുതൽ സ്പഷ്ടീകരണം ആവശ്യമാണെന്നും കേന്ദ്രസർക്കാരിൽ നിന്ന് ഒരു സ്പഷ്ടീകരണം ലഭ്യമാകുന്നത് വരെ സ.ഉ.(സാധാ) നം. 1450/2018/തസ്വഭവ. തീയതി 25.05.2018 പാലിക്കേണ്ടതാണെന്നും രേഖപ്പെടുത്തി കാണുന്നു. ടി വിഷയത്തിൽ സ്വീകരിക്കുന്ന തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-31 ഹെഡ്മാസ്റ്റർ ഗവ.എൽ. പി. എസ്. നിർവഹണം നടത്തിയ പ്രോജക്ടുകൾ

HM Gvt. LPS നിർവഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം. 3 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

1. സാമ്പത്തിക വർഷത്തിൽ നിർവഹണോദ്യോഗസ്ഥ ക്യാഷ് ബുക്ക്, പ്രോജക്ട് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല.

ക്യാഷ് ബുക്ക് (ടി.ആർ 7(A) മാതൃകയിൽ), പ്രോജക്ട് രജിസ്റ്റർ എന്നിവ തയ്യാറാക്കി ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2.

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | തുടർ സാക്ഷരത |
| പ്രോജക്റ്റ് നമ്പർ | 149/20-21 |
| അടങ്കൽ | 35502/- |
| ചെലവ് | 27110/- |
| ബിൽ നം./തീയതി, തുക | 5/20-21/ 25.09.20 – 24590/-, 7/20-21/19.10.20-2520/- |
| നിർവഹണ ഉദ്യോഗസ്ഥൻ | HM ഗവ. എൽ.പി. സ്കൂൾ |

മേൽ പ്രോജക്റ്റിനായി പത്താം ക്ലാസിലേക്ക് 10കുട്ടികൾക്കും പ്ലസ് വൺ 3 കുട്ടികൾക്കും കോഴ്സ് ഫീസ്, ഫൈൻ, സൂപ്പർ ഫൈൻ, ബാങ്ക് ചാർജ്ജ് എന്നിവയുൾപ്പെടെ 27,110/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ കുട്ടികൾ പരീക്ഷ എഴുതിയതിൻെറ സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല. ആയത് ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

3.

| | |
|---|---|
| പ്രോജക്റ്റിൻെറ പേര് | തുടർ സാക്ഷരത |
| പ്രോജക്റ്റ് നമ്പർ | 56/20-21 |
| അടങ്കൽ | 60000/- |
| ചെലവ് | 20430/- |
| ബിൽ നം./തീയതി, തുക | 14/20-21/ 26.03.21– 20430/- |
| നിർവഹണ ഉദ്യോഗസ്ഥൻ | HM ഗവ. എൽ.പി. സ്കൂൾ |

മേൽ പ്രോജക്റ്റിനായി പത്താം ക്ലാസിലേക്ക് 4 കുട്ടികൾക്കും പ്ലസ് വൺ 5 കുട്ടികൾക്കും കോഴ്സ് ഫീസ്, ഫൈൻ, സൂപ്പർ ഫൈൻ, ബാങ്ക് ചാർജ്ജ് എന്നിവയുൾപ്പെടെ 20430/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ കുട്ടികൾ പരീക്ഷ എഴുതിയതിൻെറ സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല. ആയത് ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

4.

| | |
|---|---|
| പ്രോജക്റ്റിൻെറ പേര് | S.C. വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വിതരണം |
| പ്രോജക്റ്റ് നമ്പർ | 50/20-21 |
| അടങ്കൽ | 288000/- |
| ചെലവ് | 2,74,600/- |
| ബിൽ നം./തീയതി, തുക | 13/20-21/18.03.21, 274600/- |
| നിർവഹണ ഉദ്യോഗസ്ഥൻ | HM ഗവ. എൽ.പി. സ്കൂൾ |

മേൽ പ്രോജക്റ്റിനായി Keltron Invoice No. ITP/02525/21-22/ 30.07.21 പ്രകാരം 2,74,600/- രൂപ ചെലവഴിച്ച് 10 ലാപ്ടോപ്പുകൾ (ഉബുണ്ടു) വാങ്ങിയിട്ടുണ്ട്. വിതരണ രജിസ്റ്റർ പ്രകാരം 9 എണ്ണം വിതരണം ചെയ്തു. ഒരെണ്ണം വിതരണം ചെയ്യാൻ ബാക്കിയുണ്ട്. ആയതിൻെറ വിതരണം പൂർത്തീകരിച്ച് തുടർ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-32 മെഡിക്കൽ ഓഫീസർ, ഹോമിയോ, നടപ്പിലാക്കിയ പ്രോജക്റ്റ് - മരുന്ന് ലഭിച്ചിട്ടില്ല.

പ്രോജക്റ്റ് നം. : എസ്.ഒ. 078/21

പ്രോജക്റ്റിന്റെ പേര് : ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

ആകെ അടങ്കൽ : 152000/-.(100000/- മെയിന്റനൻസ്ഫണ്ട് ),(52000/- വികസന ഫണ്ട്)

ആകെ ചെലവ് : 152000/-

ബിൽ നം.1/20-21 തീ. 25.08.20 : 52000/-

ബിൽ നം.2/20-21 തീ. 12.03.21 : 48000/-

ബിൽ നം.3/20-21 തീ. 12.03.21 : 52000/-

മെഡിക്കൽ ഓഫീസർ, ഹോമിയോ 2020-21 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ ഈ പദ്ധതിയിൽ അടങ്കൽ തുക മുഴുവനും കൈപ്പറ്റി ചെലവഴിച്ചതായി കാണുന്നു. എന്നാൽ ഒരു ലക്ഷം രൂപയുടെ മരുന്ന് ഇതുവരെ ലഭ്യമായിട്ടില്ല. ഇതിനോടനുബന്ധിച്ച് നൽകിയ എൻക്വയറിക്ക് എത്രയും വേഗം മരുന്ന് ലഭ്യമാക്കുമെന്ന് ഹോംകോയിൽ നിന്നും അറിയിച്ചിട്ടുണ്ടെന്നുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ, ഇൻവോയ്സും, സ്റ്റോക്ക് രജിസ്റ്ററും ഓഡിറ്റിന് ഹാജരാക്കുന്നത് വരെ ഒരു ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-33 മെഡിക്കൽ ഓഫീസർ,പി.എച്ച്.സി./സി.എച്ച്.സി.,സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല.

പ്രോജക്ട് നം. : എസ്.ഒ. 84/21

പ്രോജക്ടിന്റെ പേര് : പാലിയേറ്റീവ് കെയർ

ആകെ അടങ്കൽ : രൂ .575000/- (സാധാരണവിഹിതം) അടങ്കൽ : രൂ. 3,75,000/-

(ബ്ലോക്ക് പഞ്ചായത്ത് വിഹിതം ) അടങ്കൽ : രൂ. 200000/- )

ആകെ ചെലവ് : രൂ .379945 /- ( സാധാരണവിഹിതം) ചെലവ് : രൂ.3,75,000/-

(ബ്ലോക്ക് പഞ്ചായത്ത് വിഹിതം) ചെലവ് : രൂ.4945/-)

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി./സി.എച്ച്.സി. 2020-21 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ ഈ പദ്ധതിയിൽ 71,862/- രൂപ (ബിൽ നം. 8/20 തീ.18.08.2020) ചെലവഴിച്ച് വാങ്ങിയ മരുന്നിന്റെ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയില്ല. ഇതിനോടനുബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ഹാജരാക്കിയില്ല. ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കുന്നത് വരെ 71,862/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-34 മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾ -ചെലവ് വിവരങ്ങൾ ലഭ്യമാക്കിയില്ല.

മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾക്കായി 2020-21 വർഷത്തിൽ മെഡിക്കൽ ഓഫീസർക്ക് നൽകിയ താഴെപ്പറയുന്ന തുകയുടെ ചെലവ് വിവരങ്ങൾ ഓഡിറ്റിനായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (No. 13) മറുപടി ലഭ്യമാക്കുകയോ, ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ചെലവ് രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

| തീയതി | വൗച്ചർ നം. | ചെക്ക് നം. | തുക |
|---|---|---|---|
| 21.05.2020 (2019-20 Balance) | 22000087 | 031244/21.05.2020 | 3000/- |
| 28.05.2020 | 22000112 | 5332753/20.05.20 | 70000/- |
| | ആകെ | | 73000/- |

## 1-35 വീട് വാസയോഗ്യമാക്കൽ- നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ / പേര് | എസ് 0102/ വീട് വാസയോഗ്യമാക്കൽ (എസ്.സി) |
| അടങ്കൽ | 1650000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |
| ചെലവ് വിവരം | 1567500 |

2020-21 വർഷം വി.ഇ.ഒ നിർവ്വഹണം നടത്തിയ വീട് വാസയോഗ്യമാക്കൽ പദ്ധതിയിൽ 11 ഗുണഭോക്താക്കൾക്ക് പണി പൂർത്തീകരിക്കുന്നതിന് തുക അനുവദിച്ചിരുന്നു. താഴെ പ്പറയുന്ന ഗുണഭോക്താവ് അഡ്വാൻസ് തുക കൈപ്പറ്റിയെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചതായി കാണുന്നില്ല.

| | |
|---|---|
| മല്ലിക തങ്കപ്പൻ | അഡ്വാൻസ് |

| | |
|---|---|
| വാർഡ്-12<br>കിരിക്കാപ്പിള്ളി<br>ഏഴിക്കര | 75000/-<br>3/20-21<br>/21.04.20 |

മേൽ ഗുണഭോക്താവിന്റെ നിർമ്മാണ പ്രവർത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-36 മെഡിക്കൽ ഓഫീസർ, ആയുർവേദം നടപ്പിലാക്കിയ പ്രോജക്ട് - മരുന്ന് ലഭിച്ചിട്ടില്ല.

പ്രോജക്ട് നം. : എസ്.ഒ. 005/21

പ്രോജക്ടിന്റെ പേര് : ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

ആകെ അടങ്കൽ : 4,00,000/-.(മെയിന്റനൻസ്ഫണ്ട് )

ആകെ ചെലവ് : 4,00,000/-

ബിൽ നം.1/20-21 തീ. 25.08.2020 : 3,00,000/-

ബിൽ നം.2/20-21 തീ. 03.03.2021 : 1,00,000/-

മെഡിക്കൽ ഓഫീസർ, ആയുർവേദം 2020-21 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ ഈ പദ്ധതിയിൽ അടങ്കൽ തുക മുഴുവനും കൈപ്പറ്റി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 4477/- രൂപയുടെ മരുന്ന് ഇതുവരെ ലഭ്യമായിട്ടില്ല. ഇതിനോടനുബന്ധിച്ച് നൽകിയ എൻക്വയറിക്ക് ഒരാഴ്ചയ്ക്കുള്ളിൽ മരുന്ന് ലഭിക്കുമെന്ന് ഔഷധിയിൽ നിന്നും അറിയിച്ചിട്ടുണ്ടെന്നുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ, ഇൻവോയ്സും സ്റ്റോക്ക് രജിസ്റ്ററും ഓഡിറ്റിന് ഹാജരാക്കുന്നത് വരെ 4477/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-37 ഓഡിറ്റ് ഇംപാക്ട്

ഗ്രാമ പഞ്ചായത്തിന്റെ 2020-21 വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട് അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പ്രവൃത്തികളിലുണ്ടായിട്ടുള്ള അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ കരാറുകാർക്ക് അധികമായി നൽകിയ 22546/- രൂപ തിരികെ ഒടുക്കിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

1.അംഗൻവാടികളുടെ മെയിന്റനൻസ് (75/20) - കരാറുകാരന് നൽകിയ ഒന്നാമത്തെ പാർട്ട് ബില്ലിൽ നിന്നും ജി.എസ്.ടി തുക കുറവ് ചെയ്തില്ല.

ഒന്നാം പാർട്ട് ബിൽ പ്രകാരം കരാറുകാരന് 2,00,000/- രൂപയാണ് അനുവദിച്ചത്. പ്രസ്തുത തുകയിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട 2% ജി.എസ്.ടി തുക കുറവ് വരുത്താതെയാണ് കരാറുകാരന് തുക നൽകിയത്. തൻമൂലം 4,000/- രൂപ കരാറുകാരന് അധികമായി നൽകിയിരുന്നു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.19/20-21/7.10.21) അടിസ്ഥാനത്തിൽ ടി തുക തിരികെ ഈടാക്കി ജി.എസ്.ടി ഹെഡിൽ ഒടുക്കു വരുത്തിയിട്ടുണ്ട്. (CPIN 21103200023463/ 8.10.21)

2.ബിറ്റുമിൻ - ഒഴിഞ്ഞ ബാരലിന്റെ വില ബില്ലിൽ കുറവു ചെയ്യാതിരുന്നത്

2020-21 വർഷം നിർവ്വഹിക്കപ്പെട്ട ടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ടാറിന് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കാണ് നൽകിയിട്ടുള്ളത്. അതു പ്രകാരം ഒഴിഞ്ഞ ബാരലിന്റെ വിലയായി 281/-രൂപ വീതം (238+18% ജി.എസ്.ടി) ബില്ലിൽ കുറവു ചെയ്ത് വേണം കരാറുകാരന് തുക നല്കേണ്ടത്. എന്നാൽ അസി.എഞ്ചിനിയർ നിർവ്വഹണം നടത്തിയ പ്രവൃത്തികളിലെ ഫൈനൽ ബില്ലിൽ നിന്നും ഇപ്രകാരമുള്ള കുറവ് വരുത്തിയിട്ടില്ലാത്തത് ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് (നം.18/20-21/7.10.21) ടി ഇനത്തിൽ കരാറുകാർക്ക് അധികമായി നൽകിയ 18,546/- രൂപ തിരികെ പഞ്ചായത്തിൽ ഒടുക്കു വരുത്തിയിട്ടുണ്ട്. (രസീത് നം. 121030100729/8.10.21) ടി തുകകൾ ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടുകളിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 ടെണ്ടർ ഡിഡക്ഷൻ കുറവ് ചെയ്യാതെ തുക അനുവദിച്ചത് മൂലം കരാറുകാരന് അധിക തുക നൽകി

2020-21വർഷത്തെ മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കിയ മെറ്റീരിയൽ വർക്കുകൾക്ക് മെറ്റീരിയൽസ് ലഭ്യമാക്കുന്നതിനായി ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ട് ആരും പങ്കെടുക്കാതിരുന്നതിനെ തുടർന്ന് ക്വട്ടേഷൻ ക്ഷണിക്കുകയും, ശ്രീ.ശ്യാം.കെ.ടി. കൊട്ടിയടത്ത് എന്ന കരാറുകാരന്റെ ക്വട്ടേഷൻ (എസ്റ്റിമേറ്റിൽ നിന്നും 1% കുറവ്) അംഗീകരിച്ച് ടിയാനിൽ നിന്നുമാണ് മെറ്റീരിയൽസ് വാങ്ങിയിട്ടുള്ളത്. തൻ വർഷം നടപ്പാക്കിയ 13 പ്രവൃത്തികളുടെ മെറ്റീരിയൽസിന്റെ വില ഇനത്തിൽ 2601668/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ അളവ് പുസ്തകത്തിൽ പ്രവൃത്തികളുടെ മൂല്യം കണക്കാക്കി തുക നൽകിയ സാഹചര്യത്തിൽ കരാറുകാരൻ ക്വാട്ട് ചെയ്തിരുന്ന 1% ടെണ്ടർ കുറവ് വരുത്താതെയാണ് തുക നൽകിയത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

സപ്ലൈ ചെയ്ത മെറ്റീരിയൽസിന്റെ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക – 25,63,981/- (2601668 – 37687/- 13 ബോർഡുകളുടെ തുക 2899/- നിരക്കിൽ ക്വട്ടേഷനിൽ ഉൾപ്പെടാത്തത് കാരണം കുറവ് ചെയ്യുന്നു.)

ടെണ്ടർ കുറവ് ചെയ്യേണ്ട തുക - 2563981/- X 1% - 25,640/- രൂപ

അധികം നൽകിയ 25,640/- രൂപ .

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരന് അധികമായി നൽകിയ തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

### 3-2 എം.ജി.എൻ.ആർ.ഇ.ജി.എസ് - ലഭ്യമാക്കിയ സാധനങ്ങളുടെ അളവിൽ നിന്നും നിയമാനുസൃത കുറവുകൾ വരുത്താതെ കരാറുകാരന് തുക നൽകി.

CPWD സ്പെസിഫിക്കേഷനിൽ നടത്തുന്ന പ്രവൃത്തികളിൽ ഉപയോഗിക്കുന്ന 40mm മെറ്റലിന്റെ സ്റ്റാക്ക് ചെയ്ത അളവിൽ നിന്നും 7.5% വോയ്ഡ്സ് കുറവു ചെയ്ത് മാത്രമേ കരാറുകാരന് തുക നൽകേണ്ടതുള്ളൂ. (Specification : 1- 27-2-3). കൂടാതെ കരാറുകാർ സപ്ലൈ ചെയ്യുന്ന ഗ്രാവലിന്റെ ലൂസ് സ്റ്റാക്ക് അളവിൽ നിന്നും 20% ഉം (Specification : 1- 27-1-1) ക്വാറിമക്കിന് മിനിമം 7.5% ഉം (Specification : 1- 27-2-3) കുറവു ചെയ്തതിനുശേഷമാണ് തുക അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ എംജിഎൻആർഇജിഎസ് പദ്ധതിയിലെ താഴെ പറയുന്ന പ്രവൃത്തികളിൽ ഈ വ്യവസ്ഥകൾ പാലിക്കാതെ കരാറുകാരൻ ലഭ്യമാക്കിയതായി ഇൻവോയിസിൽ പറഞ്ഞിട്ടുള്ള മുഴുവൻ അളവിനും മൂല്യനിർണ്ണയിക്കുക വഴി താഴെപ്പറയും പ്രകാരം അധികച്ചെലവുണ്ടായിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | സപ്ളൈ ചെയ്ത ഇനം/ അളവ് $M^3$ | അനുവദിച്ച തുക /നിരക്ക് | 7.5% വോയ്ഡ്സ് കുറവുചെയ്ത ശേഷമുള്ള അളവ് $M^3$ | അനുവദനീയമായ തുക | അധികം നൽകിയ തുക | അനുബന്ധ വിവരങ്ങൾ |
|---|---|---|---|---|---|---|---|
| 1 | ഭുവനേശരി റോഡ് നിർമ്മാണം കോൺക്രീറ്റിംഗ് (ശ്യാം.കെ.ടി) | ക്വാറി മക്ക്- 14.73 $M^3$ | 14730 (1000/$m^3$) | 13.625 | 13625 | 1105 | RC/327607 FTO-593904/1.1.21 MB. 329/20-21 |
| | | 40mm മെറ്റൽ - 11.489$m^3$ | 16659 (1450/$m^3$) | 10.627 | 15409 | 1250 | |
| 2 | പട്ടുപറമ്പ് റോഡ് കാന നിർമ്മാണം (ശ്യാം.കെ.ടി) | ക്വാറി മക്ക്- 12.96 $M^3$ | 12960 (1000/$m^3$) | 11.988 | 11988 | 972 | RC/329110 FTO-865107/15.3.21 MB. 402/20-21 |
| | | 40mm മെറ്റൽ - 24.804 $M^3$ | 35966 (1450/$m^3$) | 22.944 | 33269 | 2697 | |
| 3 | കീറ്റോടത്ത് കാന നിർമ്മാണം (ശ്യാം.കെ.ടി) | 40mm മെറ്റല് - 14.56 M3 | 21112 (1450/$m^3$) | 13.468 | 19529 | 1583 | FP/366860 FTO-496683/30.11.20 MB. 314/20-21 |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | ചുളക്കപ്പറമ്പ് കാന നിർമ്മാണം (ശ്യാം.കെ.ടി) | 40mm മെറ്റല് - 21.84 M3 | 31668 (1450/m$^3$) | 20.202 | 29293 | 2375 | FP/366740 FTO-776697/19.2.21 MB. 372/20-21 |
| 5 | കീറ്റോടത്ത് റോഡ് നിർമ്മാണം (ശ്യാം.കെ.ടി) | ക്വാറി മക്ക്- 39.60 M$^3$ | 39600 (1000/m$^3$) | 36.63 | 36630 | 2970 | RC/327878 FTO-496573/30.11.20 MB. 313/20-21 |
| | | 40mm മെറ്റൽ - 30.888 M$^3$ | 44788 (1450/m$^3$) | 28.571 | 41428 | 3360 | |
| 6 | തോട്ടത്തിൽ റോഡ് കാന നിർമ്മാണം (ശ്യാം.കെ.ടി) | 40mm മെറ്റൽ - 12.23 M$^3$ | 17734 (1450/m$^3$) | 11.313 | 16404 | 1330 | FP/366622 FTO-768976/17.2.21 MB. 373/20-21 |
| 7 | തലേക്കാട്ട് തെക്കും തലേക്കാട്ട് റോഡ് കാന നിർമ്മാണം (ശ്യാം.കെ.ടി) | 40mm മെറ്റൽ - 21.06 M$^3$ | 30537 (1450/m$^3$) | 19.481 | 28247 | 2290 | FP/366620 FTO-643040/16.1.21 MB. 351/20-21 |
| 8 | താലിപറമ്പ് ഐശ്വര്യ റോഡ് നിർമ്മാണം (ശ്യാം.കെ.ടി) | ക്വാറി മക്ക്- 17.28 M$^3$ | 17280 (1000/m$^3$) | 15.984 | 15984 | 1296 | RC/327605 FTO-768976/17.2.21 MB. 323/20-21 |
| | | 40mm മെറ്റൽ - 13.478 M$^3$ | 19543 (1450/m$^3$) | 12.467 | 18077 | 1466 | |
| | ആകെ | | | | | 22694 | |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/20-21/6.10.21) മറുപടി ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ അധികം ചെലവഴിച്ച തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 554200 | പൊക്കാളി കൃഷി | 554200 | -- |
| | | 225000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോഷർഷിപ്പ് | 375000 (150000 മുന്നിരുപ്പിൽ നിന്നുള്ളചെലവ്) | -- |
| | | 97600 | പച്ചക്കറി കൃഷി | 97600 | -- |
| | | 170976 | പാൽ സബ്സിഡി | 170976 | -- |
| | | 4945 | പാലിയേറ്റീവ് കെയർ | 4945 | -- |
| | | 20000 | ജനകീയ ഹോട്ടൽ | 20000 | -- |
| ജില്ലാ പഞ്ചായത്ത് | 2020-21 | 467156 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോഷർഷിപ്പ് | 467156 | -- |
| | | 277100 | പൊക്കാളി കൃഷി | 277100 | -- |
| | | 1866166 | റോഡ് മെയിന്റനൻസ് | 1866166 | -- |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെഎസ്ഇബി | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 64/12.3.21 | 103510 | -- | 103510 |
| | | 73/29.3.21 | 157176 | -- | 157176 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന നിർമ്മാണം | ജി.ഒ.(എം.എസ്) 68/2018/തസ്വഭവ /18.5.18 | | 8842513 | 922078 | | 7920435 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 68927444.70 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 59720853 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 105195 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2058765 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | | 25640 | ശ്രീമതി.ദിവ്യ.എം.ബി, അസി.എഞ്ചിനിയർ (എംജിഎൻആർഇജിഎസ്) |
| 3-2 | | 22694 | |
| ആകെ | | 48334 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 1809426 | ശ്രീമതി.സരിത മോഹൻ, കൃഷി ഓഫീസർ |

| | | |
|---|---|---|
| 1-32 | 100000 | ഡോ.ധന്യ, മെഡി.ഓഫീസർ, ഹോമിയോ ഡിസ്പെൻസറി, ഏഴിക്കര |
| 1-33 | 71862 | ഡോ.പ്രീതി, മെഡി.ഓഫീസർ, സി.എച്ച്.സി, ഏഴിക്കര |
| 1-34 | 73000 | ശ്രീമതി.ബീന ജോസഫ്, സെക്രട്ടറി |
| 1-36 | 4477 | ഡോ.നിഷ, മെഡി.ഓഫീസർ, ആയ്യൂർവേദ ഡിസ്പെൻസറി, ഏഴിക്കര |
| ആകെ | 2058765 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 56861 | ശ്രീമതി.ദിവ്യ.എം.ബി, അസി.എഞ്ചിനിയർ (എംജിഎൻആർഇജിഎസ്) |
| ആകെ | 56861 | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1 | ശ്രീമതി.ബീന ജോസഫ്, സെക്രട്ടറി | -- | പുതുശ്ശേരി ഹൗസ്, വരാപ്പുഴ |
| 2 | ശ്രീമതി.സരിത മോഹൻ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, ഏഴിക്കര | കൃഷ് നഗരി ഹൗസ്, കൊച്ചം റോഡ്, മന്നം |
| 3 | ഡോ.പ്രീതി, മെഡി.ഓഫീസർ, സി.എച്ച്.സി, ഏഴിക്കര | മെഡി.ഓഫീസർ, സി.എച്ച്.സി, ഏഴിക്കര | സുദിനം അപ്പാർട്ട്മെന്റ്സ്, സ്റ്റാർ വാല്യ റോഡ്, മാവേലിപുരം, കാക്കനാട്, 682030 |
| 4 | ശ്രീമതി.ദിവ്യ.എം.ബി, അസി.എഞ്ചിനിയർ (എംജിഎൻആർഇജിഎസ്) | അസി.എഞ്ചിനിയർ (എംജിഎൻആർഇജിഎസ്) ഏഴിക്കര | ആലുങ്കൽ ഹൗസ്, പെരുമ്പടന്ന, നോർത്ത് പറവൂർ, എറണാകുളം, 683513 |
| 5 | ഡോ.ധന്യ, മെഡി.ഓഫീസർ, ഹോമിയോ ഡിസ്പെൻസറി, ഏഴിക്കര | മെഡി.ഓഫീസർ, ഹോമിയോ ഡിസ്പെൻസറി, ഏഴിക്കര | ചക്കേരിത്തറ ഹൗസ്, ചക്കിയൻപടി, ചേരാനല്ലൂർ |
| 6 | ഡോ.നിഷ, മെഡി.ഓഫീസർ, ആയ്യൂർവേദ ഡിസ്പെൻസറി, ഏഴിക്കര | മെഡി.ഓഫീസർ, ആയ്യൂർവേദ ഡിസ്പെൻസറി, ഏഴിക്കര | ശ്രീരാഗം, വഴിക്കുളങ്ങര, നോർത്ത് പറവൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഗ്രാമപഞ്ചായത്തിന്റെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിൽ പലതിലും ഭാഗീകമായി മാത്രമാണ് മറുപടിയും തെളിവുരേഖകളും ഹാജരാക്കി തീർപ്പാക്കിയിട്ടുള്ളു. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 4-11 ൽ ഉൾപ്പെടുത്തിയിരുന്ന നാളിതുവരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകളുടെ തീർപ്പാക്കൽ സംബന്ധിച്ച നിലവിലുള്ള സ്ഥിതിവിവരക്കണക്ക് താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | കെ.എസ്.എ.-ഇ.കെ.എം(പി12)511/18 തീയതി 22.05.18 |
| 1997-98 ചെലവ് | കെ.എസ്.എ.-ഇ.കെ.എം(പി12)511/18 തീയതി 22.05.18 |
| 1998-99 ചെലവ് | എൽ.എഫ്.ഇ (പി2)852/05, തീയതി.26.5.06 |
| 1999-2000 ചെലവ് | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2000-01 പദ്ധതി ചെലവ് | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2001-02 പദ്ധതി ചെലവ് | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2002-03 വരവ് | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |

| | |
|---|---|
| 2002-03ചെലവ് | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2003-04 | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2004-05 | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2005-06 | കെ.എസ്.എ.-ഇ.കെ.എം.(പി12)511/18 തീയതി 22.05.2018 |
| 2006-07 | എൽ.എഫ്.ഇ (പി2)719//07, തീയതി.30.01.08 |
| 2007-08 | എൽ.എഫ്.ഇ (പി2)11/09, തീയതി.07.09.09 |
| 2008-09<br>2009-10<br>2010-11 | എൽ.എഫ്.ഇ(പി2)1842/11,തീയതി.23.11.11 |
| 2011-12 | എൽ.എഫ്.ഇ (പി2)1064/13, തീയതി.16.08.13 |
| 2012-13 | എൽ.എഫ്.ഇ (പി10)24/15, തീയതി.11.02.15 |
| 2013-14&<br>2014-15& | എൽ.എഫ്.ഇ (പി10)234/16, തീയതി.15.02.16 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം(പി.12)2056/2016,<br>തീയതി 07.12.16 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം(പി.12)1893/2017,<br>തീയതി 14.05.18 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം(പി12)337/2019, തീയതി 05.07.19 |
| 2018-19 | കെ.എസ്.എ-ഇ.കെ.എം(പി.12)140/2020<br>തീയതി 3.3.2020 |
| 2019-20 | കെ.എസ്.എ-ഇ.കെ.എം(പി.12)1381/2021<br>തീയതി. |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ഏഴിക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്